

# CHURCH VOICE

## C. S. I. MATEER MEMORIAL CHURCH

Vol. 13 No.1 Newsletter January 2015




"എന്റെ സാന്നിദ്ധ്യം നിന്നോടുകൂടെ പോരും"
(പുറപ്പാട് 33:14)



# വാർത്തകൾ

## അഭിനന്ദനങ്ങൾ



അഞ്ചാം സംസ്ഥാനധനകാര്യ കമ്മീഷൻ ചെയർമാനായി നിയമിതനായ ഡോ. ബി. ആൽവിൻ പ്രകാശ്. ഇപ്പോൾ പബ്ലിക് എക്സ്പെന്റീച്ചർ റിവ്യൂ കമ്മറ്റി ചെയർമാനും, ട്രാൻസ്പോർട്ട് ഫെയർ റിവിഷൻ, സ്റ്റാറ്റിസ്റ്റിക്കൽ ടെക്നിക്കൽ കമ്മറ്റികളിൽ അംഗവുമാണ്. പ്രമുഖ ധനകാര്യ വിദഗ്ധനായ ഇദ്ദേഹം കേരള, കാലിക്കറ്റ് സർവ്വകലാശാലകളിൽ സാമ്പത്തികശാസ്ത്ര പ്രൊഫസറും വകുപ്പ് മേധാവിയുമായിരുന്നു.



കേരളത്തിലെ വിവിധ മെഡിക്കൽ കോളേജുകളെ പങ്കെടുപ്പിച്ചുകൊണ്ടു നടന്ന കലാമേളയിൽ വാദ്യോപകരണത്തിൽ (വെസ്റ്റേൺ) ഒന്നാം സ്ഥാനം കരസ്ഥമാക്കിയ എസ്. റെക്സി ചാൾസ്. കാരക്കോണം ഡോ. എസ്.എം.സി.എസ്.ഐ മെഡിക്കൽ കോളേജിലെ ഹൗസ് സർജനാണ്.

### വാർഷിക സ്തോത്ര ആരാധന

നമ്മുടെ സഭ 176 വർഷം പൂർത്തിയാക്കിയതോടനുബന്ധിച്ച് ഡിസംബർ ഏഴാം തീയതി ഞായറാഴ്ച വാർഷിക സ്തോത്ര ആരാധനനടന്നു. റവ. ഡോ. ഡി.ജെ. അജിത് കുമാർ മുഖ്യാതിഥിയായിരുന്നു. ഔദ്യോഗിക-സാമൂഹിക മേഖലകളിൽ നേട്ടങ്ങൾ കൈവരിച്ചവരെയും, പ്രശസ്ത വിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെയും തദവസരത്തിൽ ആദരിച്ചു. സഭാസെക്രട്ടറി വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. ഇതോടനുബന്ധിച്ച് സ്നേഹവിരുന്നും ക്രമീകരിച്ചിരുന്നു.

### വാർഷിക ലേലം 2014

ഈ വർഷത്തെ ലേലവും കൗതുകവിൽപ്പനയും ഡിസംബർ 13, 14 തീയതികളിൽ നടന്നു. റവ. റ്റി. സെൽവരാജൻ ഉദ്ഘാടനം ചെയ്തു. ഡോ. ലിവിംഗ്സ്റ്റൺ അജിത് റസ്സാലം ആദ്യ ലേലം സ്വീകരിച്ചു. ഇതിലൂടെ 11.50 ലക്ഷം രൂപ സമാഹരിച്ചു.

### ക്രിസ്മസ് കരോൾ സർവ്വീസ്

സി.ഇ.വൈ.എഫിന്റെ ആഭിമുഖ്യത്തിൽ വിവിധ ക്വയറുകളെ പങ്കെടുപ്പിച്ചുകൊണ്ട് ഡിസംബർ 14-ന് ക്രിസ്മസ് കരോൾ സർവ്വീസ് സംഘടിപ്പിച്ചു.

നമ്മുടെ സഭയിലെ വിവിധ സംഘടനകളുടെ നേതൃത്വത്തിൽ ഡിസംബർ 21-ാം തീയതി **സംയുക്ത ക്രിസ്മസ് ആഘോഷം** സംഘടിപ്പിച്ചു. മഹായിടവക ട്രഷറർ റവ. ഡി. ജേക്കബ്ബ് മുഖ്യാതിഥിയായിരുന്നു.

### സണ്ടേസ്കൂൾ 2015

പുതിയ വർഷത്തെ സണ്ടേസ്കൂൾ ക്ലാസ്സുകൾ ജനുവരി നാലാം തീയതി ഞായറാഴ്ച ആരംഭിക്കും. നഴ്സറി മുതൽ അഡൽറ്റ് ഗ്രേഡ്വരെ മലയാളത്തിലും ഇംഗ്ലീഷിലും ക്ലാസ്സുകൾ നടത്തുന്നതാണ്. നമ്മുടെ സഭയിലെ മൂന്ന് വയസ്സിനുമേൽ പ്രായമുള്ള എല്ലാ കുട്ടികളേയും സണ്ടേസ്കൂളിൽ അയയ്ക്കണമെന്ന് മാതാപിതാക്കളോട് അഭ്യർത്ഥിക്കുന്നു. രാവിലെയുള്ള ക്ലാസ്സുകൾ 10 മണി മുതൽ 11.15 വരെയും ഉച്ചയ്ക്ക് ശേഷമുള്ള ക്ലാസ്സുകൾ 3 മണി മുതൽ 4.15 വരെയും നടത്തുന്നതാണ്. 25 വയസ്സിനുമേൽ പ്രായമുള്ളവർക്കായി 'സൂപ്പർ അഡൽറ്റ് ഗ്രേഡ് - 1' ഉം 35 വയസ്സിനുമേൽ പ്രായമുള്ളവർക്കായി 'സൂപ്പർ അഡൽറ്റ് ഗ്രേഡ് - 2' ഉം ക്ലാസ്സുകൾ ഉണ്ടായിരിക്കുന്നതാണ്. പ്രായഭേദമെന്യേ ഏവർക്കും സണ്ടേസ്കൂളിൽ പങ്കെടുക്കാവുന്നതാണ്.

# CHURCH VOICE

13th year of publication

JANUARY 2015



**CHIEF EDITOR**

Rev. T. Selvarajan

**EDITOR**

R. Sajan Samson

**SUB-EDITOR**

Manoj Kumar Ebenezer

**EDITORIAL BOARD**

Rev. C.R. Vincent
Rev. E. Sunin Spenzer
Dr. Christenson E. Sarasam
Adv. Sarjine Thomas

**CIRCULATION MANAGER**

Zaem Enock



**ADDRESS:**

The Editor
Church Voice
M.M. Church
L.M.S. Compound
Trivandrum - 695 033
Ph: 2311347

Articles / Feedback may be sent to :

churchvoice@gmail.com
before 15th of every month

Church Voice can be read online at our website

www.mateermemorialchurch.com

Printed at:
GRACE PRINTERS
Muttada Ph: 2540523


## CSI MATEER MEMORIAL CHURCH
### Regular Weekly Programme

| | | |
|---|---|---|
| | **Morning Worship (Monday to Saturday)** | 07.00 a.m |
| | Devotion Prayer (Monday to Saturday) | 07.30 a.m to 01.00 p.m |
| Sunday | Malayalam Service | 06.00 a.m |
| | Tamil Service | 07.00 a.m |
| | Malayalam Service | 08.30 a.m |
| | English Service | 10.30 a.m |
| | Malayalam Service | 04.15 p.m |
| | Sunday School | 10.00 a.m & 03.00 p.m |
| | Women's Fellowship | 10.00 a.m |
| | CEYF | 11.00 a.m |
| | BCL Union | 11.00 a.m |
| | JCF | 11.00 a.m |
| | Choir Practice | 11.00 a.m |
| | Young Family Fellowship | 05.30 p.m |
| | Praise and Worship (First Sunday) | 06.15 p.m |
| Monday | Bible Class | 05.30 p.m |
| | Vestry Prayer | 06.30 p.m |
| Tuesday | Circle Prayer (3 houses) | 06.30 p.m |
| | Vestry Prayer | 07.00 p.m |
| Wednesday | Gospel Band House Visit | 03.30 p.m |
| | Women's Fellowship | 04.30 p.m |
| Thursday | Senior Citizens' Fellowship | 04.30 p.m |
| | Worship & Witnessing Service | 06.15 p.m |
| Friday | Missionary Prayer Fellowship | 04.30 p.m |
| | Circle Prayer (3 houses) | 06.30 p.m |
| Saturday | Choir Practice | 05.00 p.m |
| | Preparation Service (First Saturday) | 07.00 p.m |

### Members of the Church Committee

| Name | Phone No. | Mobile |
|---|---|---|
| Rev. T. Selvarajan(President) | 2724658 | 9497017194 |
| Rev. C. R. Vincent (Presbyter) | 2316544 | 9446850066 |
| Rev. E. Sunin Spenzer (Presbyter) | 2316644 | 8547811284 |
| Dr. Christenson E. Sarasam (Secretary) | 2327722 | 9995100420 |
| Adv. Sarjine Thomas (Accountant) | 2435142 | 9847104775 |
| Mr. Y. Christudas | 2318213 | 9895114633 |
| Dr. S. G. Churchin Ben | 2315655 | 9447177666 |
| Dr. Arthur Jacob J. | 2115678 | 9447965063 |
| Dr. S. Satheesh | 2315232 | 9447104460 |
| Mr. T. Jayakumar Alfred | 2534781 | 9895110652 |
| Mr. R. Sajan Samson | 2555013 | 9447153170 |
| Er. Joshi Das Y.S. | 2315106 | 9446052121 |
| Mrs. Charlet Bai Robert Singh | 2436338 | 9495551064 |
| Mrs. Pushpa Madan | 2553247 | 9847215215 |
| Dr. John Sajit Edwin | 2326839 | 9847040490 |
| Church Office | 2311347 | |
| Mr. T. Rajeev (Sexton) | | 9895801012 |
| Mr. G. Wilson (Parish Asst.) | | 9447525339 |



## LISTEN TO THE VOICE OF GOD

The Gospel according to st. Luke Chapter 9, Verses 34 and 35 says, "While he was saying this, a cloud came and overshadowed them; and they were terrified as they entered, the cloud. There from the cloud, came a voice that said, "This is my son, my chosen; listen to him".

I wish a happy and prosperous New Year for the people of God who are entering into a New Year - 2015.

Our ears receive different types of sound waves in this world in which we live. As we receive different type of such Sounds, such as that of cultural, political and economic achievements, we ought to listen to the voice of God.

The words of St. Peter, the disciple of our Lord at the mountain of transfiguration is significant here. St. Luke Chapter 9 verse 33 says;

"Master It is good for us to be here; Let us make three dwellings -one for you, one for Moses and one for Elijah".

The disciples who followed Jesus, denying everything exclaim that they may remain there, making three tents - one for Jesus, one for Moses and one for Elijah.

The people who followed Jesus now say "It is good to be here - at the high mountain amidst the wondrous glory -watching the heavenly sights -with bliss. They thought about the present blessings and facilities as great things. They tried to hold them tightly and tried to assume the position of God. They were ready to give up their final goal before this experience.

The activities and achievements of the past bids us to affirm our position at the top of the mountain.

"Whose voices are we listening to now a days?

Let us ask this question ourselves and as the entire Church we have to examine ourselves, whether we are listening to the words of the Son of God.

All the sounds received through the ear, the organ of hearing are not godly. Psalm 88: 2 says. "Incline your ear to my cry". As the Psalmist says, "incline ones ear" means, "To listen ". The comment about Samuel who inclined his ear to God in I Samuel Chap 3 & verse 10 is significant.

'Now the Lord came and stood there calling as before "Samuel, Samuel" and Samuel said. "Speak Lord for your Servant is listening".

**(i) This was the voice of Son of God who was transfigured**

We have to open our minds to hear the voice of God. As we listen to the voice of the Soul of God we have to understand properly whose voice are we hearing.

We have to ensure that this voice is that of the Son of God who was transfigured at the mountain.

God acts upon man in a manner impossible by man. The Son of God who was born in a manger wears the whiteness impossible to be created by any washerman of the world. The dear Son of God has acquired the transfiguration impossible by man on this earth. He transfigures man and all other creation of God.

May the voice of this Son of God impart us a new strength and power in the new year to came.

**(ii) This was the voice of the Unseen God**

Several people go to Cape Comorin, Kovalam and Shanghumughom to enjoy the celebration of New Year.

They participate in the celebrations in the addiction of visible things. But true believers recognize the voice of the invisible God.

The book of Colossians chapter 1 and verses 15 to 18 says.

"He is the image of the invisible God, the first born of all creation For in him all things in heaven and on earth were created, things visible and invisible, whether thrones or dominions or rulers or powers - all things have been created through him and for him. He himself is before all things and in him all things hold together. He is the head of the body, the church, he is the beginning, the first born from the dead so that he might came to have first place in

everything. Let us recognize His voice and travel through his path during this New Year.

**(iii) This was the Voice of the thunders of the Mighty waters**

The son of man as described in Revelation is our God who is in the midst of seven Golden lamp stands clothed with long robe and with a golden sash across his chest. His face was like the sun shining with full force (Rev. 1: 13-17). We see the face of the Glorified Christ here. We ought to incline our ears to the voice of the Glorified God.

Those who are transfigured, should bring forth good fruits. As the disciples longed to remain at the mountain of transfiguration by making tents and dwell within its cold shadow, Jesus told them to go to the valleys anointed by the Holy Spirit from the mountain of transfiguration itself and not to remain there. Our goal is to act according to the will of God.

There are various social, economic and political issues around us. Let us give ourselves to the Almighty to fulfill the desire of God by introducing ourselves in the midst of such issues and recognizing the voice of God.

I congratulate our Church member Dr. B. Albin Prakash who is appointed as the Chairman of the 5th Finance Commission by Govt. of Kerala.

I wish a Happy New Year to all the readers in the name of God.

Yours in His Service,

**Rev. T. Selvarajan**
Presbyter-in-charge

## The Word of God (Psalm 119)

Studying the Word gives us:

a) Light (understanding) v.130
b) Sight (guidance) v.105
c) Might (strength) v.116
d) Delight (joy) v.103
e) Fight (victory)v.23
f) Flight (from sin) v.133
g) Height ( exaltation) v.89
h) Night (awareness) v.148
i) Right (character) v.128
j) Fright (awe) v.120

*-From World's Bible Handbook*

## SECRETARY'S REPORT



Dear friends in the Lord,

"Hitherto the Lord had been with us : (Ebenezer) and His incessant presence is still with us in our journey of life : (Emmanuel). Yet another year has gone behind the curtain of memory. 2015 with all its possibilities and challenges is encountering us as a reality. This is time to pause and look back and thank the Lord for all the blessings we have received and also for all the promises and possibilities in store for us. So, let us look forward to the coming days with hope and a renewed relationship with the Almighty in our spiritual pilgrimage. Life can become stagnant, stale, stereo typed and mechanical. Therefore, let us make sure that we are actually where God wants us to be and become an useful vessel in the Master's hands.

We thank God for the sustaining strength He showered upon us during the bygone year in all the activities of the Church. Our Pastors excelled in their ministry, the worship services were deeply devotional, the messages soul stirring, the committee members and leaders of sub-organisations worked hard touching the lives of many through acts of service, enlisting the participation of sizeable segment of our families held high the life and witness of the Church for the glory of God. The office staff and Sextons played effective supportive role to complete our time bound daily tasks.

We congratulate our Church member, Dr. Alwin Prakash who has been appointed by the Government of Kerala as the Chairman of the Kerala State Finance Commission. May the Lord enable him to rise to the occasion and serve our State.

At the request of Mr. Paul Prasad (F-723) residing at Peroorkada, it has been decided to issue TC to enable him to join the nearby Parish.

Salem Mission was granted Rs.30,000/- for Christmas celebrations in their various centres.

Resolved to extend medical aid to Mrs. Jessy Ratnam Charles's daughter in law- Mrs. Marykutty (suffering from Cancer) against submission of medical bills.

Resolved to sanction permanent membership to Mr. Suresh Kumar, Gowreeshapattom.

At the request of Mr. D. Suresh Kumar and Mrs. Shaleena

Rajam, Kesavadasapuram, Presbyter in Charge was authorised to proceed with marriage regularisation proceedings as per rules.

**Obituary:**

R. Sundaram, F.No.762, Nanthencode, Trivandrum entered into eternal glory on 25/11/2014 and was buried in our Cemetry on 26/11/2014.

J. Jones,F.No.342, Vazhuthacaud, Trivandrum slept in the Lord on 05/12/2014 and was buried in our Cemetery on the same day.

Saroja Stephen, Keston Road, Kowdiar, Trivandrum-695 003 was called to eternal rest on 17/12/2014.

Kindly arrange to uphold the family members of the bereaved in your prayers.

Generally, it is observed that there is a declining trend in the children attending the Sunday School. There are quite a lot of drop outs also. **All parents are encouraged to attend any one of the Church services as a full family and also to send their children regularly to Sunday School.**

The anniversary celebrations of all sub-organisations have concluded and soon new office - bearers will take up responsibilities. Members of these organs of the Church are encouraged to actively get involved in the weekly and special programmes. **All families are requested to become part of any one of the sub-organisations of the Church** and qualitative use their time, talent and treasure for the glory of God and for the welfare of our people.

The Church is indebted to all Pastors, Church Committee Members, organisers, convenors, office bearers of sub-organizations, Sexton and Church staff who gave leadership to the following programmes during this Christmas season - Carol Rounds, Annual Thanks Giving Service, Fancy Sale, Campus Illumination, Combined Christmas Celebrations, Gnabharanam Memorial Sports competition, Church interior decoration, Christmas Tree Celebration, Christmas clothing & kit distribution, Year Ending Prayer etc. Through harvest festival 2014 we could raise an amount of Rs. 11.50 lakh which will be utilized for infrastructure development of our cemetery.

Wishing every one a Christ-centred, happy, and prosperous New Year. Yours in His Blessed Ministry,

**Dr. Christenson E. Sarasam**
Church Secretary

# മുമ്പേ പോയിട്ടില്ലാത്ത വഴി

റവ. അജിത് സൈലസ്

വേദഭാഗം: യോശുവ.3:1–5

യവനസങ്കൽപ്പത്തിലെ ഒരു ദേവനാണല്ലോ ജാനസ്. ഒരു മുഖം മുമ്പോട്ടും മറ്റൊന്ന് പിമ്പോട്ടും നോക്കിയിരിക്കുന്ന ജാനസിന്റെ ചിത്രം ജനുവരിക്ക് വളരെ യോജിക്കും. നാം ഓടിക്കുന്ന വാഹനങ്ങളിൽ സൂക്ഷിക്കുന്ന ദർപ്പണം നൽകുന്ന സന്ദേശം ഒപ്പുന്ന ചിത്രങ്ങൾ മുമ്പോട്ടുള്ള യാത്ര വളരെ സുഗമമാക്കുന്നു. The objects that are seen in the mirror are closer than they appear. പോയവർഷം, ജീവിതസാഹചര്യങ്ങൾ ഇവയൊക്കെ നാം ദർപ്പണത്തിൽ കാണുമ്പോൾ അവ വളരെ അടുപ്പത്തിലാണ്. പുതിയ പ്രതീക്ഷയോടും പ്രാർത്ഥനയോടും പുതിയ വർഷത്തെ നമുക്ക് വരവേൽക്കാം.

കനാൻ ദേശത്തേക്ക് പ്രവേശിക്കാൻ ഒരുങ്ങുന്ന ദൈവജനത്തോട് പ്രവാചകൻ പറയുന്ന വാക്കുകളാണ് തെരഞ്ഞെടുത്ത ഭാഗം. പുതുവർഷത്തിലേക്ക് കാൽകുത്തുന്ന നമ്മോടും ഈ വാക്കുകൾ ശക്തമായി ധ്വനിക്കുന്നു. ഭാവി നമ്മിൽ നിന്നും മറഞ്ഞിരിക്കുന്നു എന്ന യാഥാർത്ഥ്യത്തിൽ തങ്ങൾ പോയിട്ടില്ലാത്ത വഴിയിലൂടെ പോകുവാൻ ദൈവജനത്തെ (യിസ്രായേൽ ജനത്തെ) ഒരുക്കിയ ദൈവീക ആലോചനകൾ അനിശ്ചിതത്വം നിറഞ്ഞ ഭാവിയിലേക്ക് ധൈര്യമായി കടക്കുവാൻ നമ്മെയും ഒരുക്കുന്നു. ഈ ഭാഗത്ത് നിന്നും ചില ചിന്തകൾ പങ്കുവെയ്ക്കട്ടെ.

**1. ദൈവീക ആലോചനയ്ക്കായി കാത്തിരിക്കണം**
**(Wait patiently for the Lord)**

ജോർദ്ദാൻ കടക്കുവാനുള്ള നിർദ്ദേശവും ആലോചനയും ദൈവജനത്തിന് ഈ ഭാഗത്ത് ലഭിക്കുകയാണ്. നമ്മുടെ ഓരോ ചുവടും മുമ്പോട്ടുവയ്ക്കും മുമ്പേ പുതുവർഷത്തിൽ ദൈവീകആലോചനയും അരുളപ്പാടും ആവശ്യമാണ്. സങ്കീർത്തനക്കാരൻ പറയുംപ്രകാരം അവിടുന്ന് നമ്മുടെ മേൽ ദൃഷ്ടിവെച്ച് നമുക്ക് ആലോചന നൽകുന്നു (സങ്കീ.103:7). ദൈവം തന്റെ വഴികളെ മോശെയെയും തന്റെ പ്രവൃത്തികളെ യിസ്രായേൽ മക്കളെയും അറിയിച്ചു. എന്നാൽ പഴയ നിയമത്തിൽ യിസ്രായേല്യരുടെ പാപ്പരത്വത്തിന്റെ കാലഘട്ടത്തെ അറിയിച്ചിരിക്കുന്നത് – യഹോവയുടെ വചനം ആ കാലത്ത് അവർക്ക് വളരെ ദുർബ്ബലമായിരുന്നുവെന്നാണ്. 1 ശമൂവേൽ 3:1 പ്രകാരം ദർശനം ഇല്ലായിരുന്ന കാലം. ദൈവീകമായ ആലോചനകൾ നമുക്ക് നൽകുന്ന വചനങ്ങൾക്ക് നാം കീഴ്പ്പെടുമ്പോൾ പുതുവർഷത്തിൽ നിരാശയും വെല്ലുവിളികളും ജനിപ്പിക്കുന്ന സാഹചര്യങ്ങളെ തരണം ചെയ്യുവാൻ നമുക്ക് കഴിയും.

**2. ദൈവസാന്നിദ്ധ്യത്തിന്റെ ഉറപ്പ് (Confidence of God's presence)**

അനിശ്ചിതത്വം നിറഞ്ഞ ജീവിതസാഹചര്യങ്ങളിൽ ഏറെ ആശ്വാസം നമ്മിൽ വ്യാപരിക്കുന്ന ദൈവസാന്നിദ്ധ്യത്തിന്റെ ഉറപ്പാണ്. ജീവനുള്ള ദൈവം

(യോശുവ 3:10), സർവ്വഭൂമിക്കും നാഥൻ (യോശുവ 3:12) അവരുടെ മദ്ധ്യേ ഉണ്ട് എന്ന ഉറപ്പ് യിസ്രായേൽ ജനത്തെ അധികം ബലപ്പെടുത്തി. അതിജീവനത്തിന്റെ കൃപയായ ക്രിസ്തുവിന്റെ സാന്നിദ്ധ്യം നമ്മെ പുതുവർഷത്തിൽ ഏറെ ധൈര്യപ്പെടുത്തട്ടെ. 'ദൈവം നമ്മുടെ സങ്കേതവും ബലവും കഷ്ടങ്ങളിൽ ഏറ്റവും അടുത്ത തുണയും ആയിരിക്കുന്നു' (സങ്കീ.46:1). പുതുവർഷത്തിലുടനീളം ദൈവത്തിന്റെ സാന്നിദ്ധ്യം ജീവിതസാഹചര്യങ്ങളെ രൂപാന്തരപ്പെടുത്തും.

### 3. ദൈവീക നടത്തിപ്പിന് കീഴ്പ്പെടുക (Submit ourself before God's will)

യോശുവ 3:3-ൽ ഇസ്രായേൽ ജനം എപ്പോൾ പുറപ്പെടണം, എങ്ങനെ യാത്രചെയ്യണം എന്ന് ദൈവം പ്രവാചകനിലൂടെ നിർദ്ദേശിക്കുന്നു. അവർക്ക് ലഭിച്ച ദൂത് യഹോവയുടെ സാന്നിദ്ധ്യത്തിന്റെ നിഴലായ പെട്ടകം പിന്തുടരുക എന്നതായിരുന്നു. 1 ദിന.4:9-10 വാക്യങ്ങളിൽ മരുഭൂമിയിലെ മരുപ്പച്ച പോലെ പ്രാർത്ഥനാജീവിതത്തിന് ഉടമയായ യബ്ബേസിനെ നാം കാണുന്നു. അവന്റെ ജീവിതത്തിന്റെ ഊർജ്ജവും ശക്തിയും, ജീവനുമെല്ലാം പ്രാർത്ഥനയായിരുന്നു. അവിടുന്ന് എന്നെ നിശ്ചയമായി അനുഗ്രഹിക്കണം എന്നും, അവിടുത്തെ കൈ എപ്പോഴും എന്നോടുകൂടി ഇരിക്കണമെന്നും യബ്ബേസ് പ്രാർത്ഥിക്കുന്നു. ഒരു ദൈവപൈതലിനെ അനുദിനം വഴിനടത്തുന്നത് ദൈവത്തിന്റെ കൈയ്യാണ്.

### 4. മടിച്ചു നിൽക്കാതെ വിശ്വാസത്തിൽ മുന്നോട്ട് ഗമിക്കുക (Do not hesitate move forward with faith)

യോശുവ 3:13 മുതൽ പുരോഹിതന്മാർ ജോർദ്ദാനിൽ ചവിട്ടുമ്പോൾ കരകവിഞ്ഞൊഴുകിയിരുന്ന ജോർദ്ദാൻ ചിറപോലെ നിന്നു. പുതുവർഷത്തിലുടനീളം ദൈവീക വിശ്വാസം മുറുകെപിടിക്കുമ്പോൾ എന്നെ ശക്തനാക്കുന്നവൻ മുഖാന്തിരം ഞാൻ സകലത്തിനും മതിയാകുന്നു എന്ന പൗലോസിന്റെ വിശ്വാസപ്രഖ്യാപനം നമ്മിൽ നിറവേറും.

### 5. നമ്മെത്തന്നെ വിശുദ്ധീകരിക്കേണം (Sanctify ourself)

നമ്മിൽ നിന്നും അന്യപ്പെട്ട് പോകുന്ന ഒരു വാക്കാണ് വിശുദ്ധി. നാം തീരെ ഉപയോഗിക്കുന്നില്ല. ആദിമ നൂറ്റാണ്ടിൽ 'വിശുദ്ധർ', 'വേർതിരിക്കപ്പെട്ടവർ' എന്നറിയപ്പെട്ടിരുന്നു. വിശുദ്ധ ബൈബിളിന്റെ ആത്യന്തികമായ ലക്ഷ്യം തന്നെ 'Be Holy as I am holy' എന്നതാണ്. യോശുവ 3:5-ൽ യോശുവ ജനത്തോട് പറയുന്നു, നിങ്ങളെത്തന്നെ ശുദ്ധീകരിപ്പിൻ. യഹോവ നാളെ നിങ്ങളുടെ ഇടയിൽ അതിശയം പ്രവർത്തിക്കും. പുതുവൻഷത്തിൽ ഈ സന്ദേശം നമ്മിൽ നിവൃത്തിയാകുവാൻ ദൈവം ഇടയാക്കട്ടെ. പുതുവർഷത്തിൽ - വേർതിരിക്കപ്പെട്ടവരായി ('being different') നമുക്ക് ദൈവസന്നിധിയിൽ നിലനിൽക്കാം.

മുമ്പേ പോയിട്ടില്ലാത്ത വഴികളിലൂടെ സഞ്ചരിക്കാൻ ഒരുങ്ങിക്കൊണ്ട് മേൽ ഉദ്ധരിച്ച ചിന്തകളാൽ നാം 2015-ൽ പ്രവേശിക്കുമ്പോൾ സർവ്വശക്തനായ ദൈവം തന്റെ പരിശുദ്ധാത്മാവിനാൽ നമ്മെ സംരക്ഷിക്കുകയും നമുക്കായി കരുതുകയും, നമ്മെ വഴിനടത്തുകയും ചെയ്യുമാറാകട്ടെ. ഏവർക്കും പുതുവത്സരാശംസകൾ.



# പ്രതിവാര ധ്യാനം

**ജനുവരി 2015**

ജനുവരി 04, ഒന്നാം ഞായർ

വിഷയം: **വീണ്ടെടുപ്പിനായുള്ള വെളിപാട്**

യെശ.61:1-11, സങ്കീ.76, വെളി.5:1-10, ലൂക്കോ.4:16-21

ജനുവരി 11, രണ്ടാം ഞായർ

വിഷയം: **വിളിക്ക് യോഗ്യമാംവണ്ണം ജീവിക്കുക**

സദൃ.20:1-11, സങ്കീ.14, റോമ.6:12-21, മത്താ.7:16-23

ജനുവരി 18, മൂന്നാം ഞായർ

വിഷയം: **കർത്താവ് ഒന്ന് സ്നാനം ഒന്ന്**

സംഖ്യ.11:23-30, സങ്കീ.23, 1.കൊരി.10:1-4, യോഹ.10:7-18

ജനുവരി 25, നാലാം ഞായർ

വിഷയം: **നീതിക്കും സമാധാനത്തിനും വേണ്ടി ഐക്യം**

യെഹ.37:15-28, സങ്കീ.4, ഫിലി.4:8-20, മത്താ.5:21-26

# അമൂല്യമായ വായന

സത്യവേദപുസ്തകം 3566480 വാക്കുകളും, 8,10,677 വാചകങ്ങളും, 31,175 വാക്യങ്ങളും, 1,189 അദ്ധ്യായങ്ങളും ഉൾക്കൊള്ളുന്ന 66 പുസ്തകങ്ങളുടെ ഒരു സമാഹാരമാണ്.

- 56 മണിക്കൂർ കൊണ്ട് വേദപുസ്തകം പൂർണ്ണമായും വായിച്ചു തീർക്കുവാൻ സാധിക്കും.
- ദിവസം 40 അദ്ധ്യായങ്ങൾ വായിച്ചാൽ വേദപുസ്തകം 30 ദിവസംകൊണ്ട് വായിച്ചുതീർക്കാം.
- പുതിയ നിയമം ദിവസം 9 അദ്ധ്യായങ്ങൾ വായിച്ചാൽ 30 ദിവസം കൊണ്ട് വായിച്ചുതീർക്കാം.
- ദിവസം 3 അദ്ധ്യായം വീതവും ഞായറാഴ്ച 5 അദ്ധ്യായം വീതവും വായിച്ചാൽ ഒരു വർഷം കൊണ്ട് വേദപുസ്തകം പൂർണ്ണമായും വായിച്ചുതീർക്കാം.
- ദിവസം 1 അദ്ധ്യായം വീതവും ഞായറാഴ്ച 3 അദ്ധ്യായം വീതവും വായിച്ചാൽ 3 വർഷം കൊണ്ട് വേദപുസ്തകം പൂർണ്ണമായും വായിച്ചുതീർക്കാം.

**'While some books inform and others reform, only the Bible can transform.' - Billy Graham**

# പുതുവർഷത്തിൽ തിരുവചനത്തിന്റെ പുനർവായന

ഷെവലിയാർ ഡോ. കോശി എം. ജോർജ്ജ്
(ഡെപ്യൂട്ടി ഡയറക്ടർ, ഐ.എസ്.ആർ.ഒ)



### 1. തിരുവചനം ദൈവദാനം

ദൈവം മനുഷ്യനു നൽകിയ ദാനവും അമൂല്യ സമ്പത്തുമാണ് ഇന്ന് നാം കൈവശം വച്ചുകൊണ്ടിരിക്കുന്ന തിരുവചനം. ഓരോ വിശ്വാസിയുടെയും അനുദിന ജീവിതത്തെ സ്വാധീനിക്കുകയും പ്രകാശിപ്പിക്കുകയും പ്രത്യാശാനിർഭരമാക്കിത്തീർക്കുകയും ചെയ്യുന്ന മഹാ അത്ഭുതം. ഇന്ന് നാം അറിയുന്ന സത്യവേദ പുസ്തകം നമ്മുടെ കൈകളിൽ എത്തിയിട്ട് കേവലം ഒരു നൂറ്റാണ്ടു മാത്രമേ ആയിട്ടുള്ളു. എന്നാൽ അത് മനുഷ്യനിലും സമൂഹത്തിലും വരുത്തിയിട്ടുള്ള ഗുണപരമായ മാറ്റം പറഞ്ഞറിയിക്കുവാൻ പ്രയാസം. ആ പ്രക്രിയ ഇന്നും തുടർന്നു കൊണ്ടിരിക്കുന്നു.

മനുഷ്യോല്പത്തി മുതൽ ദൈവം മനുഷ്യനോടു സംസാരിച്ചു കൊണ്ടേയിരിക്കുന്നു. ഇന്ന് സംസാരിച്ചുകൊണ്ടിരിക്കുന്നത് വിശുദ്ധ ഗ്രന്ഥത്തിലൂടെയാണ്. മാറ്റമില്ലാത്ത തിരുവചനം. മനുഷ്യനു ലഭ്യമായിരിക്കുന്ന എല്ലാത്തരം ഗ്രന്ഥങ്ങളിലും വെച്ച് ഏറ്റവും പുരാതനമായ പുസ്തകങ്ങളുടെ പുസ്തകമായ സത്യവേദപുസ്തകം. പുസ്തകം എന്നതിലുപരി, ഇതൊരു ഗ്രന്ഥശാല തന്നെയാണ്. ഇതിന്റെ സ്പർശനം ഏൽക്കാത്ത മേഖലകൾ ഒന്നും തന്നെയില്ല. ഫിസിക്സ്, കെമിസ്ട്രി, മാത്തമാറ്റിക്സ്, ഹിസ്റ്ററി, ഇക്കണോമിക്സ്, ബയോളജി, മെഡിസിൻ, എഞ്ചിനിയറിംഗ്, ബഹിരാകാശം, ഭൂകമ്പം, സുനാമി.......തുടങ്ങിയ സമസ്ത മേഖലകളും വിശുദ്ധ ഗ്രന്ഥത്തിൽ പ്രതിപാദി ക്കപ്പെട്ടിരിക്കുന്നു. മനുഷ്യൻ അത്യാവശ്യമായും അറിഞ്ഞിരിക്കേണ്ടതും എന്നാൽ മറ്റു വിധത്തിൽ അറിയാൻ കഴിയാത്തതുമായ അനേകം വിഷയങ്ങളും ഇതിൽ അടങ്ങിയിരിക്കുന്നു. മോശെയുടെ പഞ്ചഗ്രന്ഥങ്ങൾ എഴുതപ്പെട്ടതായി കരുതപ്പെടുന്ന BC 1500 മുതൽ യോഹന്നാന്റെ വെളിപാടിന്റെ കാലഘട്ടമായ AD100 വരെയുള്ള 1600 വർഷങ്ങൾ കൊണ്ട് എഴുതപ്പെട്ട വിശുദ്ധ ഗ്രന്ഥത്തിന്റെ എഴുത്തുകാരിൽ ചിലർ അന്യോന്യം പരിചിതർ ആയിരുന്നുവെങ്കിലും ഭൂരിഭാഗം ഗ്രന്ഥകർത്താക്കളും അങ്ങനെ ആയിരുന്നില്ല. അവസാനത്തെ ഗ്രന്ഥകാരൻ ജനിക്കുന്നതിനും ഉദ്ദേശ്യം ഒന്നര സഹസ്രാബ്ദങ്ങൾക്കു മുമ്പ് ആദ്യ എഴുത്തുകാരൻ ലോകത്തിൽ നിന്നു കടന്നുപോയി. ഇവർ ജീവിച്ചിരുന്ന ചുറ്റുപാടുകൾ, പരിതസ്ഥിതികൾ, സംസ്കാരം, സാഹചര്യങ്ങൾ, കർമ്മ മണ്ഡലങ്ങൾ, എല്ലാം വ്യത്യസ്ഥമായിരുന്നു. ദാവീദ്, ശലോമോൻ തുടങ്ങിയ രാജാക്കന്മാർ, പ്രവാചകന്മാരായ യെശയ്യാവ്, യിരെമ്യാവ് തുടങ്ങിയവർ,

ന്യായപ്രമാണകർത്താവായ മോശെ, ന്യായപ്രമാണ വിദഗ്ദനായിരുന്ന പൗലോസ്, ഇടയനായ ആമോസ്, ചുങ്കക്കാരൻ മത്തായി, വൈദ്യനായ ലൂക്കോസ്, മുക്കുവരായിരുന്ന പത്രോസ്, യാക്കോബ്; ഇവർക്കു തമ്മിൽ എന്തു സാമ്യമാണ് ഉണ്ടായിരുന്നത്? ഭാഷകളും വ്യത്യസ്ഥമായിരുന്നു വല്ലോ. പരസ്പരം ആലോചിച്ച് ഒരു മേശയ്ക്കു ചുറ്റും ഇരുന്ന് ഒരു വിഷയത്തിൽ ഒന്നിലധികം പേർ എഴുതിയാൽപ്പോലും അന്തരങ്ങൾ കടന്നുവരുന്ന ചുറ്റുപാടിൽ വിശുദ്ധ ഗ്രന്ഥത്തിലെ പുസ്തകങ്ങൾ തമ്മിലുള്ള സാദൃശ്യവും സാമ്യവും ഐക്യതയും ഒരു അത്ഭുതമായി നിലനിൽക്കുന്നു. ഒരേ പുസ്തകത്തിന്റെ വിവിധ ഭാഗങ്ങൾ വിവിധ ആൾക്കാരെകൊണ്ട് ഒരൊറ്റ വ്യക്തി പറഞ്ഞു കൊടുത്ത് എഴുതിച്ചതു പോലെയാണ് നമുക്ക് അനുഭവപ്പെടുന്നത്.

ഈ അത്ഭുതകരമായ പ്രതിഭാസത്തിനു കാരണം മറ്റൊന്നുമല്ല. ഇതിന്റെ ഗ്രന്ഥകർത്താവ് ഒരാൾ തന്നെയാണ്. സർവ്വശക്തനായ ദൈവത്തിന്റെ ഒരേ ആത്മാവു തന്നെയാണ് ഇതിന്റെ ഗ്രന്ഥകർത്താക്കളിലൂടെ പ്രവർത്തിച്ചതെന്ന് നിസ്സംശയം പറയുവാൻ സാധിക്കും. എഞ്ചിനിയറിംഗിലോ ഏതെങ്കിലും ശാസ്ത്രശാഖയിലോ കഴിഞ്ഞ 1600 വർഷങ്ങളിൽ എഴുതപ്പെട്ട ഏതെങ്കിലും വിഷയത്തെ അധികരിച്ചുള്ള രചനകൾ ഒരുമിച്ച് ഒരു പുസ്തകമാക്കിയാൽ വൈരുദ്ധ്യങ്ങളും അബദ്ധങ്ങളും അടങ്ങിയ ഒരു ശേഖരമായിരിക്കും നമുക്കു ലഭിക്കുന്നത്. ഇത് ആലോചിക്കുമ്പോഴാണ് വേദപുസ്തകത്തിന്റെ പൂർണ്ണതയും ആധികാരികതയും വൈശിഷ്ട്യവും നമുക്കു ആസ്വദിക്കുവാൻ കഴിയുന്നത്.

വിശുദ്ധ ഗ്രന്ഥം മനുഷ്യന്റെ ഇഷ്ടപ്രകാരമല്ല, മറിച്ച്, ദൈവനിയോഗ പ്രകാരം മനുഷ്യൻ ഒരു ഉപകരണമായി പ്രവർത്തിച്ചതു മുഖാന്തിരം ദൈവം നൽകിയ സന്ദേശങ്ങളാണെന്ന് മനസ്സിലാക്കുന്നതിന് ഒട്ടും വിഷമമില്ല. ചില ഉദാഹരണങ്ങൾ മാത്രം പരാമർശിക്കട്ടെ.

യഹോവ മോശെയോട് (പുറ 4:12), യഹോവ യിരെമ്യാവിനോട് (യിരെ 1:7), യഹോവ യെഹസ്കേലിനോട് (യെഹ 3:4), യേശു ശിഷ്യന്മാരോട് (മത്താ 10:20), പത്രോസ് വിശ്വാസികളോട് (2പത്രൊ 3:2)

## 2. തിരുവചനത്തിന്റെ സവിശേഷത

വചനത്തിന്റെ സവിശേഷതകൾ വേദപുസ്തകത്തിൽ പല ഭാഗങ്ങളിൽ, പ്രത്യേകിച്ച് 119ാം സങ്കീർത്തനത്തിൽ ഉടനീളം പ്രതിപാദിച്ചിരിക്കുന്നു. നിർമ്മലജീവിതത്തിനു സഹായകം (സങ്കീർത്തനം 119:9) ഭക്തിസംവർദ്ധകം (സങ്കീ 119:38) സ്വർഗ്ഗത്തിൽ സ്ഥിരമാക്കപ്പെട്ടത് (സങ്കീ 119:89) മധുരതരം (സങ്കീ 119:103) കാലിനുദീപം, പാതയ്ക്കുപ്രകാശം (സങ്കീ 119:105) അതിവിശുദ്ധം (സങ്കീ 119:140) ആനന്ദപ്രദം (സങ്കീ 119:62) രക്ഷാദായകം (അ.പ്ര 13:26)ജീവദായകം (ഫിലി 2:15)വിശ്വാസ്യവും യോഗ്യവുമായത് (1 തിമോ 4:9) ജീവനും ചൈതന്യവുമുള്ളത് (എബ്രാ 4:12) എന്നേക്കും നിലനിൽക്കുന്നത് (1 പത്രോ 1:25) പാറയെ തകർക്കുന്ന ചുറ്റിക (യിരെ 23:29) ആത്മാവിന്റെ വാൾ (എഫെ 6:17)മായമില്ലാത്ത പാൽ (1 പത്രൊ 2:1) വിതയ്ക്കപ്പെട്ട വിത്ത് (മത്താ 13:38,1823).............

നമ്മുടെ കൈവശമിരിക്കുന്ന പല വസ്തുക്കളുടെയും മൂല്യം നാം ശരിയായി മനസ്സിലാക്കാത്തതുപോലെ തിരുവചനത്തിന്റെ സവിശേഷതകളും സാദ്ധ്യതകളും നാം പൂർണ്ണമായി ഗ്രഹിച്ചിട്ടുണ്ടോ എന്ന ചോദ്യം ഇത്തരുണത്തിൽ പ്രസക്തമാണ്.

### 3. തിരുവചനത്തിന്റെ വിശാലത

മൊബൈൽ ഫോണും കമ്പ്യൂട്ടറും ഇല്ലാത്ത ഒരു കാലത്തെക്കുറിച്ചും ലോകത്തെക്കുറിച്ചും ഇന്ന് മനുഷ്യന് ആലോചിക്കുവാൻ കഴിയാത്തതുപോലെ വേദപുസ്തകമില്ലാത്ത ഒരു ലോകത്തെക്കുറിച്ചും ജീവിതത്തെക്കുറിച്ചും ഒരു വിശ്വാസിക്ക് സങ്കൽപ്പിക്കുവാൻ കഴിയുമെന്ന് തോന്നുന്നില്ല. സന്തോഷത്തിലും സന്താപത്തിലും ജീവിതത്തിന്റെ ഏതു മുഹൂർത്തത്തിലും അവസരത്തിലും വചനത്തിന്റെ സാന്നിദ്ധ്യം അത്യന്താപേക്ഷിതമായിത്തീർന്നിരിക്കുന്നു. മാർത്തോമ്മാ സഭയുടെ വലിയ മെത്രാപ്പോലീത്ത അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം ഒരിക്കൽ ഒരു ഡെന്റൽ ക്ലിനികിന്റെ ഉത്ഘാടനവേളയിൽ ആ സ്ഥാപനത്തിന് യോജിച്ച ഒരു വാക്യം സ്വീകരണമുറിയിൽ എഴുതിവയ്ക്കാൻ പറഞ്ഞത് 81ാം സങ്കീർത്തനം 10ാം വാക്യമാണ്. അത് ഇപ്രകാരമാണ്: "നിന്റെ വായ് വിസ്താരത്തിൽ തുറക്ക". ഇത് അല്പം നർമ്മത്തോടെ നമുക്ക് വീക്ഷിക്കാമെങ്കിലും സന്ദർഭത്തിനൊത്ത് തിരുവചനം നമുക്കു നൽകുന്ന ആശ്വാസവും പ്രത്യാശയും ആനന്ദവും നാം അനുഭവിച്ചറിയുന്നവരാണല്ലോ. വചനദാതാവായ ദൈവത്തോട് നാം എത്ര മാത്രം നന്ദിയുള്ളവരായിരിക്കണം?

### 4. തിരുവചനത്തോടുള്ള നമ്മുടെ സമീപനം

ഭൂമിയിൽ മനുഷ്യൻ എപ്രകാരം ജീവിക്കണം എന്ന ചോദ്യത്തിന് വേദപുസ്തകം കാണിച്ചു തരുന്ന വ്യക്തമായ മാർഗ്ഗനിർദ്ദേശങ്ങളുണ്ട്. എക്കാലത്തും അതു തന്നെയാണ് വേദപുസ്തകത്തിന്റെ പ്രസക്തി എന്നു ഞാൻ കരുതുന്നു. തിരുവചനം കൂടുതൽ പഠിക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്കും ഇതു വിരൽ ചൂണ്ടുന്നു. വേദപുസ്തക പഠനത്തിൽ നിരീക്ഷണവും സ്വീകരണവും വ്യാഖ്യാനവും പ്രായോഗികതയും എല്ലാം ഉൾപ്പെട്ടിരിക്കുന്നു. നാം പഠിക്കാൻ ശ്രമിക്കുന്ന ഭാഗം കൊണ്ട് ഉദ്ദേശിച്ചിരിക്കുന്നതെന്ത്? ആ ഭാഗത്തിന് നമ്മോട് എന്തു പറയാനുണ്ട്? നാം അതു പൂർണ്ണമായി സ്വീകരിക്കുമോ? അതിന്റെ വിവിധ വശങ്ങളും സാരാംശവും സന്ദേശവും എന്ത്? എങ്ങനെ ജീവിതത്തിൽ അതു പ്രാവർത്തികമാക്കാം? വേദപുസ്തകത്തിലെ ഓരോ ഭാഗത്തെ സംബന്ധിച്ചും ഈ ചോദ്യങ്ങളും അതിനു നാം നൽകുന്ന ഉത്തരങ്ങളും പ്രധാനമാണ്. അതുപോലെ തന്നെ ഓരോ ഭാഗവും പൂർണ്ണമായി അനുഭവിച്ചറിയുവാൻ അതിന്റെ സന്ദർഭവും പശ്ചാത്തലവും നാം അറിഞ്ഞിരിക്കണം. സന്ദർഭത്തിൽ നിന്ന് അടർത്തിയെടുത്തു പ്രയോഗിക്കപ്പെടുന്ന പല വാക്കുകളും വാക്യങ്ങളും തെറ്റായ വിലയിരുത്തപ്പെടലുകളിൽ എത്തിച്ചേരാറുണ്ട്. വി. പൗലോസിന്റെ ഒരു ലേഖനം പഠനവിധേയമാക്കുവാൻ ശ്രമിക്കുമ്പോൾ ആർക്കെഴുതി എന്നും അതിന്റെ പശ്ചാത്തലമെന്തെന്നും കൂടി മനസ്സിലാക്കുമ്പോൾ വർത്തമാന കാലഘട്ടത്തിൽ അതിന്റെ പ്രാധാന്യവും

പ്രസക്തിയും മനസ്സിലാക്കുവാൻ വേഗത്തിൽ സാധിക്കും. ലേഖനത്തിൽ ആവർത്തിക്കപ്പെടുന്ന പദങ്ങളും പ്രയോഗങ്ങളും കാഴ്ചപ്പാടുകളും നമുക്കു പ്രത്യേകമായ ഉൾക്കാഴ്ചകളും പ്രദാനം ചെയ്യും.

**5. തിരുവചനത്തിന്റെ പൊരുൾ**

തിരുവചനത്തിന്റെ പൊരുൾ ഒറ്റവായനകൊണ്ട് ഒരാൾക്കും മനസ്സിലാക്കുവാൻ സാധിക്കുമെന്നു തോന്നുന്നില്ല. ഒരാൾക്കു മനസ്സിലാകുന്നതുപോലെ മറ്റൊരാൾക്കും അതേ പ്രകാരത്തിൽ മനസ്സിലാകുമെന്നു കരുതുവാനും ന്യായമില്ല. നമുക്കു സുപരിചിതനായ വേദശാസ്ത്രജ്ഞൻ വൽസൻ തമ്പു അച്ചൻ വേദപുസ്തകത്തിലെ ഒരു ഭാഗം വായിക്കുമ്പോൾ ലഭിക്കുന്ന ചിന്തകൾ എനിക്കോ മറ്റൊരാൾക്കോ അതുപോലെ തന്നെ ലഭിക്കും എന്നു പ്രതീക്ഷിക്കാനും പ്രയാസം. ഇവിടെയാണ് ദൈവവചനത്തിന്റെ അനന്തമായ സാദ്ധ്യതകൾ; സമയത്തിനും കാലത്തിനും അതീതമായവ അനാവരണം ചെയ്യപ്പെടുന്നത്. കാലാകാലങ്ങളിൽ ദൈവം അനേകരെ നിയോഗിക്കുകയും അഭിഷേകം ചെയ്യുകയും ചെയ്യുന്നതിന് നാം സാക്ഷികളുമാണല്ലോ. എന്നിരുന്നാലും ഓരോ വ്യക്തിയ്ക്കും ഹൃദയത്തിലേക്കു ചേർത്തു വയ്ക്കുവാനും ധ്യാനിക്കുവാനും ഏതു സന്ദർഭത്തിലും ഊർജ്ജം ലഭിക്കുവാനും തിരുവചനത്താൽ സാധിക്കും എന്ന കാര്യത്തിൽ സംശയമില്ല.

**6. തിരുവചനത്തിന്റെ പുനർവായന**

പുതുവർഷത്തിലേക്കു പ്രവേശിക്കുന്ന ഈ അവസരത്തിൽ എം.എം. ചർച്ചിലെ ദൈവജനത്തിനു മുമ്പിൽ പ്രാർത്ഥനാപൂർവ്വം ഒരു അഭ്യർത്ഥന വയ്ക്കുവാൻ ആഗ്രഹിക്കുന്നു. വേദപുസ്തകം ഒന്നിൽ കൂടുതൽ പ്രാവശ്യം വായിച്ചു തീർത്തിട്ടുള്ള അനേകർ സഭയിലുണ്ട് എന്ന കാര്യം വിസ്മരിക്കുന്നില്ല. **പുതുവർഷത്തിൽ നാം പരിശ്രമിക്കേണ്ടത് വേദപുസ്തകം പുനർവായനയാണ്. ഇതുവരെ വായിച്ചതും അറിഞ്ഞതും ഹൃദിസ്ഥമാക്കിയതും എല്ലാം നമുക്ക് അനുഗ്രഹകരമായിരുന്നതുപോലെ വേദപുസ്തക പുനർവായനയിലൂടെ നവ്യമായ ആശയങ്ങളും സന്ദേശങ്ങളും ദൈവശബ്ദവും നമുക്കു കൂടുതൽ ആവേശകരമായി അനുഭവപ്പെടും.** കൂട്ടത്തിൽ ഒരു കാര്യം കൂടി. തിരുവചനത്തിനായി നാം 2014 ൽ ചിലവഴിച്ചതിനേക്കാൾ ഒരല്പം കൂടുതൽ സമയം, അധ്വാനം, സമർപ്പണം പുതുവർഷത്തിൽ നമുക്കു കൊടുക്കുവാൻ കഴിയുമോ? ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാൻ ഉണ്ടോ എന്നു കാണ്മാൻ ദൈവം സ്വർഗ്ഗത്തിൽ നിന്നു മനുഷ്യപുത്രന്മാരെ നോക്കുമ്പോൾ ഞാനും നിങ്ങളും ദൈവത്തിന്റെ ദൃഷ്ടിയിൽ വരുമോ?

പുതുവർഷത്തിൽ തിരുവചനത്തിന്റെ പുനർവായനയിലൂടെ സർവ്വശക്തനായ ദൈവം നമ്മെ ഓരോരുത്തരേയും കടാക്ഷിക്കുകയും ദൈവത്തിന്റെ ഉപകരണങ്ങളാക്കി നിലനിർത്തുകയും ചെയ്യട്ടെ എന്നു പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു. എല്ലാവർക്കും പുതുവത്സരത്തിന്റെ നന്മകൾ നേരുന്നു.

# Bible Calendar -

| Week | Sunday | Monday | Tuesday | Wednesday | Thursday | Friday | Saturday |
|---|---|---|---|---|---|---|---|
| 1 | Genesis 1-3 | Genesis 4-7 | Genesis 8-11 | Genesis 12-16 | Genesis 17-19 | Genesis 20-23 | Genesis 24-25 |
| 2 | Genesis 26-28 | Genesis 29-30 | Genesis 31-33 | Genesis 34-36 | Genesis 37-39 | Genesis 40-42 | Genesis 43-45 |
| 3 | Genesis 46-47 | Genesis 48-50 | Exodus 1-4 | Exodus 5-7 | Exodus 8-10 | Exodus 11-13 | Exodus 14-16 |
| 4 | Exodus 17-20 | Exodus 21-23 | Exodus 24-27 | Exodus 28-30 | Exodus 31-34 | Exodus 35-37 | Exodus 38-40 |
| 5 | Leviticus 1-4 | Leviticus 5-7 | Leviticus 8-11 | Leviticus 12-14 | Leviticus 15-17 | Leviticus 18-20 | Leviticus 21-23 |
| 6 | Leviticus 24-25 | Leviticus 26-27 | Numbers 1-2 | Numbers 3-4 | Numbers 5-6 | Numbers 7-8 | Numbers 9-11 |
| 7 | Numbers 12-14 | Numbers 15-17 | Numbers 18-20 | Numbers 21-23 | Numbers 24-26 | Numbers 27-30 | Numbers 31-33 |
| 8 | Numbers 34-36 | Deuteronomy 1-2 | Deuteronomy 3-4 | Deuteronomy 5-7 | Deuteronomy 8-11 | Deuteronomy 12-15 | Deuteronomy 16-19 |
| 9 | Deuteronomy 20-23 | Deuteronomy 24-27 | Deuteronomy 28-29 | Deuteronomy 30-31 | Deuteronomy 32-34 | Joshua 1-4 | Joshua 5-7 |
| 10 | Joshua 8-10 | Joshua 11-14 | Joshua 15-18 | Joshua 19-21 | Joshua 22-24 | Judges 1-3 | Judges 4-5 |
| 11 | Judges 6-8 | Judges 9-11 | Judges 12-15 | Judges 16-18 | Judges 19-21 | Ruth 1-4 | 1 Samuel 1-3 |
| 12 | 1 Samuel 4-7 | 1 Samuel 8-10 | 1 Samuel 11-13 | 1 Samuel 14-15 | 1 Samuel 16-17 | 1 Samuel 18-20 | 1 Samuel 21-24 |
| 13 | 1 Samuel 25-27 | 1 Samuel 28-31 | 2 Samuel 1-3 | 2 Samuel 4-7 | 2 Samuel 8-11 | 2 Samuel 12-13 | 2 Samuel 14-15 |
| 14 | 2 Samuel 16-18 | 2 Samuel 19-20 | 2 Samuel 21-22 | 2 Samuel 23-24 | 1 Kings 1-2 | 1 Kings 3-5 | 1 Kings 6-7 |
| 15 | 1 Kings 8-9 | 1 Kings 10-12 | 1 Kings 13-15 | 1 Kings 16-18 | 1 Kings 19-20 | 1 Kings 21-22 | 2 King 1-3 |
| 16 | 2 Kings 4-5 | 2 Kings 6-8 | 2 Kings 9-11 | 2 Kings 12-14 | 2 Kings 15-17 | 2 Kings 18-20 | 2 Kings 21-23 |
| 17 | 2 Kings 24-25 | 1 Chronicles 1-2 | 1 Chronicles 3-5 | 1 Chronicles 6-7 | 1 Chronicles 8-10 | 1 Chronicles 11-13 | 1 Chronicles 14-16 |
| 18 | 1 Chronicles 17-20 | 1 Chronicles 21-23 | 1 Chronicles 24-26 | 1 Chronicles 27-29 | 2 Chronicles 1-4 | 2 Chronicles 5-7 | 2 Chronicles 8-11 |
| 19 | 2 Chronicles 12-16 | 2 Chronicles 17-19 | 2 Chronicles 20-22 | 2 Chronicles 23-25 | 2 Chronicles 26-29 | 2 Chronicles 30-32 | 2 Chronicles 33-34 |
| 20 | 2 Chronicles 35-36 | Ezra 1-4 | Ezra 5-7 | Ezra 8-10 | Nehemiah 1-4 | Nehemiah 5-7 | Nehemiah 8-10 |
| 21 | Nehemiah 11-13 | Esther 1-4 | Esther 5-10 | Job 1-4 | Job 5-8 | Job 9-12 | Job 13-17 |
| 22 | Job 18-21 | Job 22-26 | Job 27-30 | Job 31-34 | Job 35-38 | Job 39-42 | Psalms 1-7 |
| 23 | Psalms 8-14 | Psalms 15-18 | Psalms 19-24 | Psalms 25-30 | Psalms 31-34 | Psalms 35-37 | Psalms 38-42 |
| 24 | Psalms 43-48 | Psalms 49-54 | Psalms 55-60 | Psalms 61-67 | Psalms 68-71 | Psalms 72-75 | Psalms 76-78 |
| 25 | Psalms 79-84 | Psalms 85-89 | Psalms 90-95 | Psalms 96-102 | Psalms 103-105 | Psalms 106-108 | Psalms 109-115 |

## Bible in One Year

| Week | Sunday | Monday | Tuesday | Wednesday | Thursday | Friday | Saturday |
|---|---|---|---|---|---|---|---|
| 26 | Psalms 116-118 | Psalms 119 | Psalms 120-131 | Psalms 132-138 | Psalms 139-144 | Psalms 145-150 | Proverbs 1-3 |
| 27 | Proverbs 4-7 | Proverbs 8-10 | Proverbs 11-13 | Proverbs 14-16 | Proverbs 17-19 | Proverbs 20-22 | Proverbs 23-25 |
| 28 | Proverbs 26-28 | Proverbs 29-31 | Ecclesiastes 1-4 | Ecclesiastes 5-8 | Ecclesiastes 9-12 | Song of Solomon 1-4 | Song of Solomon 5-8 |
| 29 | Isaiah 1-3 | Isaiah 4-6 | Isaiah 7-9 | Isaiah 10-13 | Isaiah 14-16 | Isaiah 17-21 | Isaiah 22-25 |
| 30 | Isaiah 26-28 | Isaiah 29-31 | Isaiah 32-34 | Isaiah 35-37 | Isaiah 38-40 | Isaiah 41-42 | Isaiah 43-44 |
| 31 | Isaiah 45-47 | Isaiah 48-50 | Isaiah 51-53 | Isaiah 54-57 | Isaiah 58-60 | Isaiah 61-64 | Isaiah 65-66 |
| 32 | Jeremiah 1-3 | Jeremiah 4-5 | Jeremiah 6-8 | Jeremiah 9-11 | Jeremiah 12-14 | Jeremiah 15-17 | Jeremiah 18-21 |
| 33 | Jeremiah 22-23 | Jeremiah 24-26 | Jeremiah 27-29 | Jeremiah 30-31 | Jeremiah 32-34 | Jeremiah 35-37 | Jeremiah 38-41 |
| 34 | Jeremiah 42-45 | Jeremiah 46-48 | Jeremiah 49 | Jeremiah 50 | Jeremiah 51-52 | Lamentations 1-2 | Lamentations 3-5 |
| 35 | Ezekiel 1-4 | Ezekiel 5-9 | Ezekiel 10-13 | Ezekiel 14-16 | Ezekiel 17-19 | Ezekiel 20-21 | Ezekiel 22-23 |
| 36 | Ezekiel 24-26 | Ezekiel 27-28 | Ezekiel 29-31 | Ezekiel 32-33 | Ezekiel 34-36 | Ezekiel 37-39 | Ezekiel 40-42 |
| 37 | Ezekiel 43-45 | Ezekiel 46-48 | Daniel 1-2 | Daniel 3-4 | Daniel 5-6 | Daniel 7-9 | Daniel 10-12 |
| 38 | Hosea 1-4 | Hosea 5-9 | Hosea 10-14 | Joel 1-3 | Amos 1-3 | Amos 4-6 | Amos 7-9 |
| 39 | Obadiah & Jonah | Micah 1-4 | Micah 5-7 | Nahum 1-3 | Habakkuk 1-3 | Zephaniah 1-3 | Haggai 1-2 |
| 40 | Zechariah 1-6 | Zechariah 7-10 | Zechariah 11-14 | Malachi 1-4 | Matthew 1-4 | Matthew 5-7 | Matthew 8-9 |
| 41 | Matthew 10-12 | Matthew 13-14 | Matthew 15-17 | Matthew 18-20 | Matthew 21-22 | Matthew 23-24 | Matthew 25-26 |
| 42 | Matthew 27-28 | Mark 1-3 | Mark 4-6 | Mark 7-9 | Mark 10-13 | Mark 14-16 | Luke 1 |
| 43 | Luke 2-3 | Luke 4-5 | Luke 6-7 | Luke 8-9 | Luke 10-11 | Luke 12-13 | Luke 14-16 |
| 44 | Luke 17-18 | Luke 19-20 | Luke 21-22 | Luke 23-24 | John 1-3 | John 4-5 | John 6-7 |
| 45 | John 8-9 | John 10-11 | John 12-13 | John 14-15 | John 16-17 | John 18-19 | John 20-21 |
| 46 | Acts 1-2 | Acts 3-4 | Acts 5-6 | Acts 7-8 | Acts 9-12 | Acts 13-16 | Acts 17-19 |
| 47 | Acts 20-23 | Acts 24-28 | Romans 1-3 | Romans 4-7 | Romans 8-10 | Romans 11-13 | Romans 14-16 |
| 48 | 1 Corinthians 1-4 | 1 Corinthians 5-9 | 1 Corinthians 10-13 | 1 Corinthians 14-16 | 2 Corinthians 1-4 | 2 Corinthians 5-7 | 2 Corinthians 8-10 |
| 49 | 2 Corinthians 11-13 | Galatians 1-3 | Galatians 4-6 | Ephesians 1-3 | Ephesians 4-6 | Philippians 1-4 | Colossians 1-4 |
| 50 | 1 Thessalonians 1-3 | 1 Thessalonians 4-5 | 2 Thessalonians 1-3 | 1 Timothy 1-6 | 2 Timothy 1-4 | Titus & Philemon | Hebrews 1-4 |
| 51 | Hebrews 5-7 | Hebrews 8-10 | Hebrews 11-13 | James 1-5 | 1 Peter 1-5 | 2 Peter 1-3 | 1 John 1-5 |
| 52 | 2 John, 3 John & Jude | Revelation 1-3 | Revelation 4-7 | Revelation 8-12 | Revelation 13-16 | Revelation 17-19 | Revelation 20-22 |

# 2015 പ്രത്യാശ വർഷമാക്കാം

സേം ഏനോക്ക്

**‘പ്രത്യാശയുള്ളവർക്ക് മാത്രമെ പ്രാദേശികമായോ ദേശീയമായോ അന്തർദേശീയമായോ എന്തെങ്കിലും ചെയ്യാൻ കഴിഞ്ഞിട്ടുള്ളൂ എന്നത് ചരിത്ര സത്യം.’**

അടിമത്വം കൊടികുത്തി വാണിരുന്ന കാലത്തെ ബാലനായിരുന്ന എബ്രഹാംലിങ്കൺ അടിമത്വവ്യവസ്ഥ ഇല്ലാത്ത കാലത്തേക്കുറിച്ച് പ്രത്യാശയുള്ളവനായി വളർന്നു. അത് നടപ്പിലാക്കണമെങ്കിൽ ചുമതലക്കാരനാകണം. അധികാരത്തോടുകൂടി ചുമതലക്കാരനായപ്പോൾ തന്റെ പ്രത്യാശ പ്രാവർത്തികമാക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു എന്നത് ചരിത്രം.

കാലികമായി പ്രത്യാശയോടുകൂടി വളർന്ന് ദേശീയ അന്തർദേശീയ തലത്തിൽ പ്രശസ്തനായി ഇപ്പോഴും പ്രത്യാശയോടുകൂടിയ ജനത്തെ വാർത്തെടുക്കാൻ യജ്ഞിക്കുന്ന ഡോ. അബ്ദുൾകലാം എന്ന മുൻ രാഷ്ട്രപതിയെ നമുക്ക് കാണാം. പ്രത്യാശയോടുകൂടിയ ജീവിതമാണ് തന്നെ ഈ നിലയിലെത്തിച്ചതെന്ന് ഡോ. അബ്ദുൾകലാമിന്റെ വാക്കുകൾ നമ്മുടെ ചെവികളിൽ മുഴങ്ങുന്നു.

**2015 ലെ നമ്മുടെ പ്രത്യാശയ്ക്കുതകുന്ന തിരുവചനക്കുറിപ്പുകൾ**

***വിശ്വാസത്തിനായി*** (ഇയ്യോബ് 13 :15)

“അവൻ എന്നെ കൊന്നാലും ഞാൻ അവനെ തന്നെ കാത്തിരിക്കും.” മരണംകൊണ്ട് പോലും ദൈവം എന്നെ പരാജയപ്പെടുത്തുകയില്ലെന്ന ഇയ്യോബിന്റെ വിശ്വാസത്തോടുകൂടിയ പ്രഖ്യാപനം.

***വിഷാദ നിവർത്തിക്കായി*** (സങ്കീ. 42 : 5)

“എന്റെ ആത്മാവേ, നീ വിഷാദിച്ച് ഉള്ളിൽ ഞരങ്ങുന്നതെന്ത്? ദൈവത്തിൽ പ്രത്യാശവയ്ക്കുക.” ഞാൻ ഇനിയും അവനെ സ്തുതിക്കും”. വിഷാദത്തിന്റെ മദ്ധ്യത്തിലും രക്ഷകനായ ദൈവത്തെ സ്തുതിക്കുന്ന പ്രത്യാശ.

***ഒരുക്കത്തിനായി*** (1 പത്രോ 3 : 15)

“നിങ്ങളിലുള്ള പ്രത്യാശയെക്കുറിച്ച് ന്യായം ചോദിക്കുന്ന ഏവനോടും സൌമ്യതയും ഭയഭക്തിയും പൂണ്ട് പ്രതിവാദം പറവാൻ എപ്പോഴും ഒരുങ്ങിയിരിപ്പിൻ” നമ്മുടെ ഒരുക്കം സൗമ്യതയോടും ഭയഭക്തിയോടും കൂടെ ആയിരിക്കട്ടെ.

***സന്തോഷത്തിനായി*** (സങ്കീ. 119 : 74)

“തിരുവചനത്തിൽ ഞാൻ പ്രത്യാശവച്ചിരിക്കയാൽ നിന്റെ ഭക്തന്മാർ എന്നെകണ്ട് സന്തോഷിക്കുന്നു”. നമ്മെകണ്ട് മറ്റുള്ളവർ സന്തോഷിക്കാനായി പ്രവർത്തിക്കാം.

***വീണ്ടെടുപ്പിനായി*** (സങ്കീ. 130 : 7)

"യിസ്രായേലേ, യഹോവയിൽ പ്രത്യാശ വച്ചുകൊൾക യഹോവെക്കു കൃപയും അവന്റെ പക്കൽ ധാരാളം വീണ്ടെടുപ്പും ഉണ്ട്." യഹോവയുടെ കൃപയ്ക്കവകാശികളാകാം.

***പ്രസാദത്തിനായി*** (സങ്കീ. 147 : 11)

"തന്നെ ഭയപ്പെടുകയും തന്റെ ദയയിൽ പ്രത്യാശവെക്കുകയും ചെയ്യുന്നവരിൽ യഹോവ പ്രസാദിക്കുന്നു" യഹോവയെ ഭയപ്പെട്ട് അവന്റെ പ്രസാദം സ്വീകരിക്കാം.

***രക്ഷക്കായി*** (റോമർ 8 : 24)

"പ്രത്യാശയാലല്ലോ നാം രക്ഷിക്കപ്പെട്ടിരിക്കുന്നത്." നമുക്ക് ലഭിച്ച രക്ഷ മറ്റുള്ളവർക്ക് പകർന്ന് നൽകാം.

***നിർമ്മലതക്കായി*** (1 യോഹ.3 : 3)

"അവനിൽ ഈ പ്രത്യാശ ഉള്ളവൻ എല്ലാം അവൻ നിർമ്മലനായിരിക്കുന്നതുപോലെ തന്നെത്തന്നെ നിർമ്മലീകരിക്കുന്നു." നമ്മുടെ നിർമ്മലത മറ്റുള്ളവർക്ക് അനുകരണീയമാക്കാം.

***ക്രിസ്തു ഉള്ളിൽ വസിക്കുന്നതിനായി*** (കൊലോസ്യർ 1 : 27)

"അവരോടു ജാതികളുടെ ഇടയിൽ ഈ മർമ്മത്തിന്റെ മഹിമാധനം എന്തെന്നു അറിയിപ്പാൻ ദൈവത്തിന്നു ഇഷ്ടമായി; ആ മർമ്മം മഹത്വത്തിന്റെ പ്രത്യാശയായ ക്രിസ്തു നിങ്ങളിൽ ഇരിക്കുന്നു എന്നുള്ളതു തന്നെ." നമ്മിലുള്ള ക്രിസ്തുവിനെ മറ്റുള്ളവരുടെ ഉള്ളിലേയ്ക്ക് ആക്കാം.

***യഹോവയിങ്കൽ പ്രത്യാശ വെക്കുക; ധൈര്യപ്പെട്ടിരിക്ക; നിന്റെ ഹൃദയം ഉറെച്ചിരിക്കട്ടെ; അതേ, യഹോവയിങ്കൽ പ്രത്യാശ വക്കുക. (സങ്കീ. 27 : 14)***

പ്രത്യാശയോടിതാ ഭക്തരങ്ങുണരുന്നേ

വന്നുദിക്കും പൊന്നുഷസ്സേ ഓർക്കുന്തോറും രമ്യം .....

പ്രത്യാശയോടിതാ .....

**2015 ഉറച്ച ഹൃദയത്തോടെ, ധൈര്യപ്പെട്ടിരുന്ന്**
**യഹോവയിൽ പ്രത്യാശവെച്ച് മുന്നേറാം.**

********

## We welcome these new families joined by Marriage

| Sl No | Family No | Name | Date of Marriage |
|---|---|---|---|
| 1 | 2103 | Er.Sharon D Ronald, Er.Josephin Mary S | 04-12-2014 |
| 2 | 2104 | Mr.William Ronald Rose, Mrs.Bincy Babu | 17-12-2014 |

# തീരുമാനങ്ങൾ സൃഷ്ടിക്കുന്ന നിങ്ങളുടെ ജീവിതം

ജോബിൻ എസ്. കൊട്ടാരം

ജീവിതത്തിൽ നാം എടുക്കുന്ന തീരുമാനങ്ങളാണ് നമ്മുടെ ഭാവി നിർണ്ണയിക്കുന്നത്. വ്യക്തികളുടെയാണെങ്കിലും, സ്ഥാപനങ്ങളുടെയാണെങ്കിലും വിജയം നിർണ്ണയിക്കുന്നതിൽ ചില തീരുമാനങ്ങൾ വഹിക്കുന്ന പങ്ക് വളരെ പ്രാധാന്യമുള്ളതാണ്.

1903ൽ ബോസ്റ്റണിലെ ഒരു സാധാരണ സെയിൽസ്മാനായിരുന്ന കിങ് ക്യാംപ് ഗില്ലറ്റ്, ഡിസ്പോസിബിൾ ബ്ലേഡുകൾ എന്ന ആശയം ആദ്യമായി അവതരിപ്പിച്ചപ്പോൾ ആ തീരുമാനത്തെ ഉൾക്കൊള്ളുവാൻ പലർക്കും സാധിച്ചില്ല. ബാർബർമാരുടേയും മറ്റും അടുക്കൽ ചെന്ന് വീണ്ടും മൂർച്ച കൂട്ടേണ്ടിവരുന്ന റേസറുകളാണ് അതുവരെ ആളുകൾ ഷേവിംഗിനായി ഉപയോഗിച്ചുകൊണ്ടിരുന്നത്.

ഒന്നാം ലോകമഹായുദ്ധകാലഘട്ടത്തിൽ മാത്രം യു.എസ്.ആർമി, ഗില്ലറ്റിൽ നിന്നും വാങ്ങിയത് ഏതാണ്ട് 35 ലക്ഷത്തോളം റേസറുകളും, 32 ലക്ഷത്തോളം ബ്ലേഡുകളുമായിരുന്നു. ഈയൊരു ഉത്പന്നം പുറത്തിറക്കുവാനുള്ള തീരുമാനമാണ് കിങ് ഗില്ലറ്റ് എന്ന സാധാരണക്കാരനെ ലോകമറിയുന്ന ഒരു വ്യവസായ പ്രമുഖനാക്കിത്തീർത്തത്. ജനറൽ ഇലക്ട്രിക് എന്ന സ്ഥാപനത്തെ ഒരു ലോകോത്തര സ്ഥാപനമാക്കിത്തീർത്തത് ക്രോറ്റോവിലെയിൽ സ്വന്തം ട്രെയ്നിംഗ് സെന്റർ തുടങ്ങുക എന്ന ജാക്ക് വെൽഷിന്റെ ആശയമായിരുന്നു. ഈ ട്രെയ്നിംഗ് അക്കാദമിയാണ് ജനറൽ ഇലക്ട്രികിന്റെ ഭാഗധേയം നിർണ്ണയിച്ച നൂറുകണക്കിന് നേതാക്കളെ വാർത്തെടുത്തത്.

ലോകത്തിലെ ഏറ്റവും വലിയ കമ്പനിയായ വാൾമാർട്ടിനെ ആ നിലയിലെത്തിക്കുന്നതിൽ മുഖ്യ പങ്കുവഹിച്ചത്, മുഴുവൻ ജോലിക്കാരെയും ഉൾക്കൊള്ളിച്ചു കൊണ്ട്, അവരെ പ്രചോദിപ്പിക്കുവാനും; തീരുമാനങ്ങൾ എടുക്കുവാൻ സഹായിക്കുവാനും കമ്പനിയുടെ സംസ്കാരം രൂപപ്പെടുത്തിയെടുക്കുന്നതിനും 'ശനിയാഴ്ച - മീറ്റിംഗ്' വിളിച്ചു കൂട്ടുക എന്ന തീരുമാനമായിരുന്നു. മോട്ടിവേഷനൽ ട്രെയ്നിംഗുകളും, മീറ്റിംഗുകളും കമ്പനിയുടെ വളർച്ചയിൽ മുഖ്യ പങ്ക് വഹിക്കും എന്ന തിരിച്ചറിവിൽ നിന്നാണ് 'ശനിയാഴ്ച- മീറ്റിംഗ്' കമ്പനിയുടെ സ്ഥാപകനായ സാം വാൾട്ട് ആരംഭിച്ചത്.

**നമ്മുടെ ജീവിതത്തിലും നാം ഇന്നു കാണുന്ന പല നേട്ടങ്ങളിലേയ്ക്കും, കോട്ടങ്ങളിലേയ്ക്കും നമ്മെ നയിച്ചിട്ടുള്ളത് നമ്മൾ ഇന്നലെകളിൽ എടുത്തിട്ടുള്ള തീരുമാനങ്ങളാണ്. നമ്മുടെ ജീവിതത്തിൽ നാം എടുക്കു ഓരോ തീരുമാനങ്ങൾക്കും നാം നൽകേണ്ടിവരുന്ന വില വളരെ വലുതാണ്.** തീരുമാനങ്ങൾ എടുക്കേണ്ടി വരുമ്പോൾ ആ തീരുമാനത്തിന്റെ നെഗറ്റീവും, പോസിറ്റീവും വശങ്ങളെക്കുറിച്ച് ആലോചിച്ച് വേണം നാം തീരുമാനങ്ങൾ കൈക്കൊള്ളേണ്ടത്. നാം ഒരു തീരുമാനമെടുക്കുമ്പോൾ താഴെപ്പറയുന്ന ഏഴ് കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.

1. **മുമ്പിലുള്ള എല്ലാ മാർഗ്ഗങ്ങളും, പദ്ധതികളും എന്താണെന്ന് മനസ്സിലാക്കുക**

നിങ്ങൾ ഒരു പ്രശ്നത്തിലാണ് പെട്ടിരിക്കുന്നതെങ്കിൽപോലും നിങ്ങളുടെ മുമ്പി

ലുള്ള പരിഹാരമാർഗ്ഗങ്ങൾ എന്തൊക്കെയാണ് എന്നതിനെക്കുറിച്ച് ആലോചിക്കുക. ഒപ്പം പദ്ധതികളും തയ്യാറാക്കുക.

2. **സമയക്ലിപ്തത**

ഓരോ കാര്യവും ചെയ്തു തീർക്കുന്നതിന് ഒരു സമയപരിധി നിശ്ചയിക്കുക. പെട്ടെന്ന് തീരുമാനം എടുക്കുന്നതുകൊണ്ട് എന്തെങ്കിലും പ്രയോജനമുണ്ടോ എന്ന് ആലോചിക്കുക. കൂടുതൽ സമയം ചെലവഴിക്കുന്നതുകൊണ്ട് തീരുമാനം കൂടുതൽ മെച്ചപ്പെട്ടതാകുമോ എന്നും ആലോചിക്കാം.

3. **വിവരശേഖരണം**

ഏറ്റവും മികച്ച തീരുമാനമെടുക്കുന്നതിന് നിങ്ങളെ പര്യാപ്തരാക്കുന്ന തരത്തിലുള്ള ഏറ്റവും പുതിയ അറിവുകൾ നിങ്ങളുടെ പക്കലുണ്ടെന്ന് ഉറപ്പുവരുത്തുക. കാലഹരണപ്പെട്ട വിവരങ്ങളാണ് നിങ്ങളുടെ പക്കലുള്ളതെങ്കിൽ അവയെ ആശ്രയിക്കാതിരിക്കുക.

4. **തീരുമാനത്തിന്റെ അനന്തരഫലങ്ങളെക്കുറിച്ച് ആലോചിക്കുക.**

തെറ്റായ തീരുമാനമാണ് എടുക്കുന്നതെങ്കിൽ അത് സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ എന്തൊക്കെയാവാം എന്നതിനെക്കുറിച്ച് കൂടി ചിന്തിക്കുക. ശരിയായ തീരുമാനം നമുക്ക് തരുന്ന നേട്ടങ്ങളെക്കുറിച്ചും ആലോചിക്കാം. ഏറ്റവും മോശമായത് സംഭവിച്ചാൽപ്പോലും അതിനെയും നേരിടുവാനുള്ള കരുത്ത് നമുക്കുണ്ടാകണം.

5. **നിങ്ങളുടെ മൂല്യങ്ങൾ, വിശ്വാസങ്ങൾ**

നിങ്ങളുടെ മൂല്യങ്ങൾ വിശ്വാസങ്ങൾ ഇവയൊക്കെ കണക്കിലെടുത്തുവേണം നിങ്ങൾ തീരുമാനങ്ങളെടുക്കേണ്ടത്. മറ്റുള്ളവർക്ക് ശരി എന്നു തോന്നുന്ന ഒരു തീരുമാനം ഒരുപക്ഷേ നമ്മെ സംബന്ധിച്ചിടത്തോളം ശരിയായ തീരുമാനമാകണമെില്ല.

6. **ഗുണദോഷങ്ങൾ വേർതിരിക്കാം**

നിങ്ങൾ എടുക്കുവാൻ പോകുന്ന തീരുമാനത്തിന്റെ ഗുണദോഷങ്ങൾ ഒരു വെള്ളപേപ്പറെടുത്ത് രണ്ടായി മടക്കി അതിന്റെ രണ്ട് വശങ്ങളിലുമായി എഴുതുക. ഗുണദോഷങ്ങളുടെ തട്ടിൽ ഏതാണ് ഉയർന്നു നിൽക്കുന്നതെന്ന് നോക്കുക. ഗുണങ്ങളാണ് കൂടുതലെങ്കിൽ തീർച്ചയായും ആ തീരുമാനവുമായി നിങ്ങൾക്ക് മുമ്പോട്ട് പോകാം.

7. **തീരുമാനം നടപ്പിൽ വരുത്തുക**

ഏറ്റവും പ്രധാന ഘടകമാണിത്. എന്തു തീരുമാനമാണോ എടുത്തത്, അത് സമയബന്ധിതമായി നടപ്പിൽ വരുത്തുക എന്നുള്ളതാണിത്. നിങ്ങൾ തീരുമാനം നടപ്പിൽ വരുത്തുന്നതിന് മുമ്പ് വലിയ പബ്ലിസിറ്റി നൽകണമെന്നില്ല. കാരണം നമ്മുടെ തീരുമാനങ്ങൾ മറ്റുള്ളവർ അറിഞ്ഞു കഴിഞ്ഞ ശേഷം അത് നടപ്പിൽ വരുത്തുന്നതിന് നമുക്ക് സാധിക്കാതെ വന്നാൽ അത് ഒരുപക്ഷേ നമുക്ക് നാണക്കേടിന് തന്നെ ഇടയാക്കിയേക്കാം. ഇത്തരത്തിൽ മികച്ച തീരുമാനങ്ങളെടുത്തുകൊണ്ട്, നിങ്ങൾക്കും മികച്ച ഒരു ജീവിതം സൃഷ്ടിക്കാം. വിജയാശംസകൾ.

*(രാജ്യാന്തര മോട്ടിവേഷനൽ സ്പീക്കറും, സൈക്കോളജിസ്റ്റും, ഇംഗ്ലീഷിലും മലയാളത്തിലുമായി ഇരുപതോളം പ്രചോദനാത്മക ഗ്രന്ഥങ്ങളുടെ രചയിതാവുമാണ് ലേഖകൻ, ഫോ : 9447259402).*

Facebook:www.facebook.com/jobinskottaram Youtube: Jobin S. Kottaram

# 7 Skills You Need to Stick with New Year Resolutions

**Bejoy Peter** (bpps.in)

New Year resolutions do not last long. We all know that from past experience. So how to stick with New Year resolutions when they break; that is the big question!

1. **Accept the reality of you being human and not a robot.**

There is an element within all of us which tends to err and make mistakes. So before the thrill of the New Year wears out, there is a great possibility of breaking your New Year resolutions. So the first step is to be sure that in spite of your brave determination, you are going to break your resolutions.

2. **Do not decide to start afresh.**

Now what does that mean? It simply means that people fail to achieve success because they think of starting all over again when there is a break in their attempts to stick on with resolutions. What is needed is a change of thinking. Treat failures as red lights you see on traffic signal posts as you journey. You don't go back to the start of your journey when you see a red light; do you? You just continue when the light becomes green.

3. **Look at what you have accomplished rather than what you left undone.**

In spite of your worst failures there will be something in the attempt that you made which can be inspiring. Look at your effort rather than how it failed. There will be people in plenty to point out how you did not do well. That is expected. Why should you also join that crowd? For a change take a look at how you stuck with your resolution the first three days in January. You failed the next 5 days. So what? There are still 3 days you did well. And there will be plenty more days you will do well this year.

4. **Encourage someone.**

The truth is that all people need encouragement. Coaches provide more than just skills and they do more than just enforce discipline. They inspire, motivate and challenge people to be the best they can be. Do that for someone. You can do that in your area of expertise. Help someone by going the second mile for him or her. What is the result? You too will be recharged.

5. **Forget the past.**

You and I often change the calendar on our walls and welcome the New Year. But we fail to leave the baggage of the past year behind. We bring that too into the New Year. I am not talking about failures; I am talking about your success. It is those who enjoyed success in the past who need to be the most careful. When the world is changing at a fast pace methods employed in the past might not be best to meet the present challenge and opportunity.

6. **Make yourself accountable.**

Without good friends, it is difficult to get right advice. It is better if you can have one of your friends to keep track of your progress with New Year resolutions. You can update him or her about your success and failures as well. Your friend will be able to help you have a balanced perspective on issues that tend to pull you down. All of us need a pair of eyes that can look at our situation objectively and without emotional colouring. Thus when you open up your concerns before your friend, you are committing yourself once again to the goals you have established. He or she will hold you accountable and that will help you progress.

7. **See the bigger picture always.**

When you climb up and have a look down, the scene appears different than when you looked around while you were on ground level. The scene from above is the bigger picture. Life is not just about the little things you do every day. There are things eternal that matter more than money, career, achievements or fame. Life can be lived out in days and not in years. So have the impact of your entire life and beyond in mind when you use the present moment wisely.

# പുതുവർഷ പുലരിയിൽ പാടാം

രചന, സംഗീതം: വിൻസ്റ്റെൻ ഐ. പാൾ

പുതുവർഷ പുലരിയിൽ പാടാം
പരനേശുനാഥനെ വാഴ്ത്താം
സ്തുതികളിൽ മദ്ധ്യേ വസിക്കും
സ്തുത്യനാം മശിഹായെ വാഴ്ത്താം

സ്തോത്രം നാഥാ ... സ്തോത്രം ദേവാ
സ്തോത്രം ... സ്തോത്രം ... യേശുനാഥാ

1. ഈ പുതുവർഷത്തിൻ നാളുകളിലെല്ലാം
ഈശാ നിൻ സാന്നിദ്ധ്യം നടത്തീടേണം
കാരുണ്യദീപമായ് പാതയ്ക്ക് ശോഭയായ്
കരുണാമയനേ നീ നയിച്ചീടേണം – പുതുവർഷ

2. ക്ഷാമവും ദുരിതവും ഒന്നും വരാതെ
ക്ഷേമമായ് നാഥാ നീ പാലിക്കേണം
ക്ഷോഭവും വ്യാധിയും ക്ഷീണവും ഏശാതെ
ക്ഷോണിയിൽ വാഴുവാൻ തുണച്ചീടേണം – പുതുവർഷ

3. ഈ ലോകയാത്രയിൽ എന്നുമീ ഞങ്ങളെ
ഈശാ നിൻ കൃപകളാൽ നിറച്ചീടേണം
പിമ്പിലുള്ളതെല്ലാം തള്ളിമുന്നോട്ടെന്നും
പതറാതെ ഗമിച്ചിടാൻ കൃപയേകണം – പുതുവർഷ

---

## O come, O come, Emmanuel

*വിവർത്തനം: മനോജ് എബനീസർ*

1. ഇമ്മാനുവേൽ വരിക വരിക,
ദൈവപുത്രന്റെ പ്രത്യക്ഷതയെ
വാഞ്ചിച്ചു തേങ്ങും പ്രവാസികളാം
യിസ്രേലിൻ മോചനദ്രവ്യവുമായ്

പല്ലവി
മോദം! മോദം! ഇമ്മാനുവേൽ
നിൻ ചാരേ വരും യിസ്രായേലേ

2. യിശ്ശായി ദണ്ഡേ, വരൂ, വരിക
സാത്താൻ തൻ കോയ്മ നീക്കുക
പാതാളേ രക്ഷിക്ക നിൻ ജനത്തെ
ചാവിൻമേൽ ജയം അരുളുക

3. അരുണോദയമേ വാ, വരിക
വന്നെങ്ങുള്ളം ആഹ്ലാദിപ്പിക്ക
ഇരുളിൻ കാർമേഘങ്ങളകറ്റി
മൃത്യുവിൻ നിഴൽ തുരത്തുക

4. മാ വല്ലഭകർത്താ വന്നീടുക
മുൻകാലേ സീനായ് മലയതിന്മേൽ
വിൺമേഘപ്രഭ ഭയമതിനാൽ
ഗോത്രങ്ങൾക്കരുളി നിൻ നിയമം

5. ദാവീദിൻ താക്കോലാം നീ വരിക
സ്വർവീടെങ്ങൾക്കായ് തുറന്നീടുക
വിൺപാതകാത്തു പരിപാലിക്ക
ദുരിതത്തിൻ ദുർപാതയടയ്ക്ക

# Women, Arise And Shine for Jesus Christ

Juliet Jospehus

Varied are the roles that a woman plays
On the stage of the world that we call life,
Be it a sister.,wife or a mother,
Beautifully,she plays each part in life,
Yet another she holds as a Christian
To minister to one and all in love.

The greatest woman who e'er lived on earth
Was Mary who bore the Lord Jesus Christ;
Implicit obedience to call of God
To bear the Saviour who would save Mankind,
Fully aware of being ostracized,
Said,'Be it unto me as God has willed'.

Other women did many other things,
Ministering to the Lord while on earth;
Turning back the pages in the Scripture,
The names of various women stand out clear,
Women of purpose and integrity,
Each fighting for the cause which they hold dear.

Esther ,the Jewish queen of Persia,
Courageously saved the Jewish people,
Faced all dangers at the risk of her life,
Tenaciously holding on till she got
What she had set out to do for the Jews,
Many a woman follow the Esther fast.

Deborah,prophetess,Lappidoth's wife,
Dwelt under the palm tree,judged Israel,
The sons of Israel for judgement came;
Her song of praise to God for victory,
A song which celebrates her achievement
To oppose oppression in times of need.

Ruth the Moabite followed Naomi,
A sweet story of love and loyalty
Between widows, a bright light in darkness,
Her obedience,devotion,God did bless,
She became the ancestor of David,
Her trait of devotion do emulate.

The faith of Syrophoenician woman
Whose daughter an evil spirit possessed,
Aptly answered Jesus'statement of faith
To take the children's bread,toss to the dogs,
Ev'n the dog eats the children's crumbs ,she said,
Her daughter's healing, she bought with her faith.

Let many Esthers ,Deborahs arise,
Syrophoenician's faith be birthed,
Ministering to the Lord these last days,
Well-equipped to lead many a soul to God,
Be it your voice,your hand ,your feet,yourself,
Run to do God's bidding till . the last hour.

Let this be your new year resolution,
It can't but fetch you a reward from God;
Women,arise and shine for Jesus Christ,
Resolve to exalt and glorify Him,
Lift up His Name far above all names,
You have the power within you,release it.

Let the world know Jesus is still alive
And what's more,He's coming back very soon,
For His own Church,He shall come once again,
This time as a King,coming for His Bride;
No one knows the time or the hour He comes,
Hence vigilant stay; don't miss Him that day.

# Circle Prayer - January 2015

| Date | FlyNo | Name | Ward | Address |
|---|---|---|---|---|
| 06-01-2015 | 800 | Mr.Morris N P | LMS | TC 11/553-3,MBC 29,Museum Bains Compound |
| 06-01-2015 | 1090 | Mr.Jesuson E Sarasam | Thycaud | Midrest,CNRA 59,TC 26/779,Bakery Jn. |
| 06-01-2015 | 1940 | Er.Baby Johns J | Statue | Sneha Sandram,TARA 190A,Tarapatham Lane, Kunnukuzhy |
| 09-01-2015 | 1124 | Mr.Das Bennet Sylum T | Nanthencode | Benivas,TC 11/567-1,NNRA 3, Museum West Lane. |
| 09-01-2015 | 1342 | Mr.Stanley Amby | Pattom | TC 12/1324, Vikas Lane-51, Kunnukuzhy,TVM 35 |
| 09-01-2015 | 1870 | Prof. Raja Prasad P | Kowdiar | Bliss Dale,TC 11/330-1, CNRA 42,Christ Nagar |
| 13-01-2015 | 1600 | Prof.Anil Kumar J | Ambalamukku | Ebenezer Home,KRA D13, TC 4/220-1, Kuravankonam |
| 13-01-2015 | 1469 | Dr.Yageen Thomas | Muttada | Medayam, H No-E15, Devaswam Lane, Kesavadasapuram |
| 13-01-2015 | 1785 | Er.Arun Wilson | Edapazhanji | JJ Villa,TC 9/2760-31,Thampuran Nagar, Edapazhanji |
| 16-01-2015 | 1152 | Mr.David Dharma Kumar | Vazhuthacaud | David Villa,TC 26/852-1, Womens College Road |
| 16-01-2015 | 1667 | Mr.Prasad C | Ulloor | Lillies,RRA 27A, Rose Nagar,Sreekaryam |
| 16-01-2015 | 916 | Mr.Selwyn Vijayakumar E | Charachira | Daya,TC 11/1167,HNo-60,Watts Lane,Nanthencode |
| 20-01-2015 | 2005 | Dr.Libu G K | LMS | Sunny Dale,TC 14/2142,Meads Lane,Palayam |
| 20-01-2015 | 1929 | Mr.Paul Thomson Godwin | Thycaud | Godwin Villa,CNRA 60, TC 26/777,Bakery Jn. |
| 20-01-2015 | 175 | Mrs.Mathini Ebenezer | Kowdiar | Shalom, TC 11/389-2,CNRA 45,Christ Nagar,TVM 3 |
| 23-01-2015 | 1235 | Mr.Sam Subramoniam | Nanthencode | TC 11/919,NRA 10, Gnanabranam Lane, Nalanda |
| 23-01-2015 | 320 | Mrs.Edith Omana J | Pattom | Shine Villa,TC 2/3016, PLRA 20, Panachamoodu Lane, Pattom |
| 23-01-2015 | 1510 | Mr.Jebakumar S Ambrose | Statue Danlee, | TC 30/1749, Pallimukku,Pettah,TVM 24 |
| 03-02-2015 | 935 | Mr.Immanuel P N | LMS | TC 14/600,Near Valsala Nursing home,Palayam |
| 03-02-2015 | 1509 | Mr.Josh Raj J | Thycaud | Sundaram,TC 24/1248-1, HNo-226,Valiyasala |
| 03-02-2015 | 1648 | Er.Robin Devadas | Kowdiar | Keerthana,HNo-A129, TC 11/160-2, Kanaka Nagar |
| 06-02-2015 | 1563 | Prof.Chandini Sam S P | Nanthencode | Panchikkala, TC 11/918, NRA 12, Gnanabranam Lane, Nalanda |
| 06-02-2015 | 783 | Mr.Madan Dev E | Pattom | TC 12/612-1,KVRA 20,Vadayakad |
| 06-02-2015 | 988 | Mr.Vasanthan S Balsalam | Statue | Abhivil, TC 30/1747-4,Sikhamani Lane, Chayakudi Road, Pettah |

## Crossed Jordan to be with the Lord

| Sl.No | Family No | Member | |
|---|---|---|---|
| 1 | 762 | **Sundaram R**<br>Thillery Compound,NNRA 98,Nalanda, Nanthencode,TVM 3<br>**Died on:- 26-11-2014** |  |
| 2 | 342 | **Jones J**<br>Grace Villa,TC 15/1426,VRA C21,<br>Bakthi Vilasam Road, Vazhuthacaud, TVM 14<br>**Died on:- 05-12-2014** |  |
| 3 | 592 | **Saroja Stephen**<br>Saroj, Keston Road, TVM 3<br>**Died on:- 17-12-2014** | |

## നിത്യതയിൽ രണ്ടു വയസ്സ്
**13-01-2015**



## കെ. സരസമ്മ
(റിട്ട. സീനിയർ അക്കൗണ്ടന്റ്, എജീസ് ഓഫീസ്)

**പ്രത്യാശയോടു ജീവിച്ച്, പ്രത്യാശയോട് കടന്നുപോയ**
**ഞങ്ങളുടെ സ്നേഹനിധിക്ക് മറക്കാനാവാത്ത**
**ഓർമ്മകളോടുകൂടിയ സ്നേഹാദരങ്ങൾ സമർപ്പിക്കുന്നു**

*സമസ്ത കുടുംബാംഗങ്ങൾ*

# Bible Quiz

**Ajith Sen**

We hope that all of you are reading the Bible to find answers to the questions, which is the motive behind this Bible Quiz. This month's questions are from the **Book of Exodus (NIV), chapters 31 to 40**. Kindly read these chapters before attempting the quiz. These chapters describe the covenant law, the idolatry of the Israelites and the construction of the tabernacle.

Last month, most of you gave the wrong answer to the second question. Points have been awarded to partially correct responses. There have been requests to us from various quarters that the quiz should be published in Malayalam too, kindly let us know your opinion.

Please substantiate your answers by stating references (verse) from the Bible. Submit your answers written in either English or Malayalam before the 14th of this month either at the MM Church Office or email us at cvquiz@mateermemorialchurch.com

1. How were the first two stone tablets of the covenant law inscribed?
2. Which wood was used to make the ark?
3. Who stripped off their ornaments at Mount Horeb?
4. How many curtains were made for the tent over the tabernacle?
5. What happened to Moses' face when he came down from the mountain?
6. Who said, "There is the sound of war in the camp"?
7. What was written on the plate attached to the turban of priestly garment?
8. Which material was used to make the bronze basin and its bronze stand?
9. Who was the son of Ahisamach?
10. When was the tabernacle set up?

---

**Correct answers to the quiz on Exodus 11 to 20**

1. That person should be put to death 21:15
2. Joshua 24:13
3. A hin of olive oil 30:24
4. Neighbor's cloak 22:26
5. On the ark of the covenant law in the Most Holy Place 26:34, 25:21
6. Clear oil of pressed olives 27:20
7. The Lord God of Israelites 29:46
8. A bribe 23:8
9. A cubit and a half wide 25:10
10. Aaron 28:1

---

**List of people who had submitted the right answers along with the reference**

1. E. H. Helen Saramma
2. Sumitha Arun
3. Jolly Irene G.
4. Mahil Ajith
5. T. Dharmaraj
6. Suvarna Yohannan
7. Lilora P. R.
8. Binil Winfred
9. Shireen Evangeline Ross
10. Annie Liz Manuel
11. Soben S. L.
12. Reuben S. L.
13. Nirmala Lal Jayakumar
14. Premila Janelet Sylam
15. Lalitha Jacob
16. Preetha John



എഡിറ്റോറിയൽ



# ഒരു വർഷം കൂടി

എഡ്മണ്ട് ഹിലാരിയും ടെൻസിംഗ് നോർഗേയും 1952-ൽ എവറസ്റ്റ് കൊടുമുടി കീഴടക്കാൻ ശ്രമം നടത്തി. എവറസ്റ്റിന്റെ മുകളിൽ എത്തുന്നതിന് 50 അടി താഴെവരെ അവർ എത്തിച്ചേർന്നു. ശുഭപ്രതീക്ഷയോടെ അവർ യാത്ര തുടർന്നപ്പോൾ ശക്തമായ മഞ്ഞുമഴ ഉണ്ടായി. ഇതിൽപ്പെട്ട് അവർക്ക് അപകടം സംഭവിച്ച് ആശുപത്രിയിലായി.

ആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജ് ചെയ്തയുടൻ അവർ എവറസ്റ്റ് കൊടുമുടിയുടെ താഴെചെന്നു. അവിടെ നിന്നുകൊണ്ട് ഹിലാരി ഇങ്ങനെ വിളിച്ചുപറഞ്ഞു: 'മൗണ്ട് എവറസ്റ്റ്, നിനക്ക് ഇത്തവണയും എന്നെ കീഴടക്കാൻ കഴിഞ്ഞു; എന്നാൽ അടുത്ത ശ്രമത്തിൽ തീർച്ചയായും ഞാൻ നിന്നെ കീഴടക്കും. കാരണം, ഒരു പർവ്വതമെന്ന നിലയിൽ നിനക്ക് ഇനി വളരുവാൻ കഴിയില്ല; എന്നാൽ ഒരു മനുഷ്യൻ എന്ന നിലയിൽ എനിക്ക് ഇനിയും വളരുവാൻ കഴിയും.' തൊട്ടടുത്ത വർഷം 1953 മെയ് 29-ന് ഹിലാരിയും ടെൻസിംഗും ചേർന്ന് എവറസ്റ്റ് കൊടുമുടി കീഴടക്കി.

ഒരു സ്വീകരണച്ചടങ്ങിൽ പങ്കെടുക്കവേ അവരോട് ഒരു പത്രപ്രവർത്തകൻ ചോദിച്ചു: 'നിങ്ങൾക്ക് എങ്ങനെയാണ് എവറസ്റ്റ് കൊടുമുടി കീഴടക്കുവാൻ കഴിഞ്ഞത്?' ഇതിന് ഹിലാരി പറഞ്ഞ മറുപടി ഇപ്രകാരമായിരുന്നു: 'ഞങ്ങൾ എവറസ്റ്റ് കൊടുമുടിയെയല്ല, ഞങ്ങൾ ഞങ്ങളെത്തന്നെ കീഴടക്കുകയായിരുന്നു - ഞങ്ങളുടെ ലക്ഷ്യത്തെ.' ഡോ. എ.പി.ജെ. അബ്ദുൾ കലാമിന്റെ വാക്കുകൾ ശ്രദ്ധേയമാണ്: 'എല്ലാ വിജയകഥകൾക്ക് പിന്നിലും വേദനനിറഞ്ഞ ഒരു തുടക്കമുണ്ട്. അതുപോലെ, എല്ലാ വേദനാകരമായ തുടക്കത്തിനും വിജയകരമായ ഒരു അവസാനമുണ്ടാകും.'

വീണ്ടും ഒരു വർഷം കൂടി നമ്മെവിട്ട് കടന്നുപോയി. പിന്നിട്ട വർഷത്തിലെ നാം കടന്നുപോയ എല്ലാ ജീവിതാനുഭവങ്ങളും നമുക്ക് ഒരു മുതൽക്കൂട്ടാണ്. നഷ്ടങ്ങളും വീഴ്ചകളും നമുക്ക് മറക്കാം. 'Worrying does not take away tomorrow's troubles, it takes away today's peace'. പ്രത്യാശയോടെ, സന്തോഷത്തോടെ ഈ പുതുവർഷത്തെ നമുക്ക് സ്വാഗതം ചെയ്യാം. 'The best is yet to be' (Robert Browning) - **ഏറ്റവും നല്ലത് ഇതുവരെയും വന്നിട്ടില്ല, വരാനിരിക്കുന്നതേയുള്ളൂ** - എന്ന ചിന്ത നമ്മെ ഭരിക്കട്ടെ.

പുതുവർഷ പുലരി അനേകം തീരുമാനങ്ങളുടെ വേദിയാണ്. പക്ഷെ പലപ്പോഴും എടുക്കുന്ന തീരുമാനത്തിൽ കഷ്ടിച്ച് ഒരാഴ്ചയ്ക്കപ്പുറം ഉറച്ചു

നിൽക്കാൻ കഴിയുന്നില്ല എന്നതാണ് നമ്മിൽ പലരുടെയും പ്രശ്നം. പുതിയ തീരുമാനങ്ങളെടുക്കുവാനും അതിൽ നിലനിൽക്കുവാനും നമുക്ക് കഴിയണം. '**ഞാൻ ഉദയത്തിനുമുമ്പേ എഴുന്നേറ്റ് പ്രാർത്ഥിക്കുന്നു; നിന്റെ വചനത്തിൽ ഞാൻ പ്രത്യാശവെയ്ക്കുന്നു**' (സങ്കീ.119:147) – ഈ പുതുവർഷത്തിൽ നമ്മുടെ ആഗ്രഹവും തീരുമാനവും ഇതായിരിക്കട്ടെ.

നമ്മുടെ പ്രവർത്തനമേഖലകളിൽ നാം വിലപ്പെട്ട സംഭാവന നൽകണമെന്ന് ഈ പുതുവർഷത്തിൽ ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു. വെറും കാഴ്ചക്കാരെ ഒരു മേഖലയിലും ഇന്ന് ആവശ്യമില്ല. ദൈവാശ്രയമുള്ളവർ, മുൻകൈയ്യെടുക്കുന്നവർ, മുന്നോട്ടുപോകുന്നവർ, ഉത്തരവാദിത്വബോധമുള്ളവർ, പഠനമനോഭാവമുള്ളവർ, കൃത്യനിഷ്ഠയുള്ളവർ, ക്ഷമയും സഹിഷ്ണുതാ മനോഭാവവുമുള്ളവർ – ഇവരെയാണ് ഈ കാലഘട്ടത്തിനാവശ്യം. ഇതൊക്കെ വളർത്തിയെടുത്തുകൊണ്ട് നമ്മുടെ പ്രവർത്തനമേഖലകളിൽ മികച്ച പ്രകടനം കാഴ്ചവെയ്ക്കാനും അഭിമാനാർഹമായ നേട്ടങ്ങൾ കൈവരിക്കാനും 2015 –ൽ ദൈവം നമ്മെ ഇടയാക്കട്ടെ.

2015–ൽ ഒട്ടേറെ നന്മകളും അനുഗ്രഹങ്ങളും ദൈവം നമുക്കായി കരുതിയിട്ടുണ്ട്. സാഹചര്യങ്ങളിലേക്കോ പ്രായത്തിലേക്കോ വ്യക്തികളിലേക്കോ അല്ല നാം നോക്കേണ്ടത്. പ്രത്യുത സകലത്തിനും മതിയായവനായ ദൈവത്തിലേക്കാണ്.

'ദൈവത്തെ സ്നേഹിക്കുമ്പോൾ സർവ്വം
നന്മയ്ക്കായി ഭവിച്ചിടുന്നു
തിരുസ്വരമനുസരിച്ചാൽ – നമു
ക്കൊരിക്കിടുമവനഖിലം'

ദൈവസന്നിധിയിൽ സ്വയം വിനയപ്പെടുത്തിക്കൊണ്ട് നമുക്ക് പുതുവർഷത്തിൽ സന്തോഷത്തോടെ പ്രവേശിക്കാം. ഏവർക്കും ദൈവത്താൽ അനുഗ്രഹിക്കപ്പെട്ട സമാധാനവും, ശാന്തിയും, സമൃദ്ധിയും നിറഞ്ഞ ഒരു പുതുവർഷം ആശംസിക്കുന്നു.

**ആർ. സാജൻ സാംസൺ**
email: sajansamson@hotmail.com



# സ്ത്രീജനസഖ്യം



സ്ത്രീജനസഖ്യം കോട്ടൂരിലേക്ക് സംഘടിപ്പിച്ച വിനോദയാത്രയിൽ പങ്കെടുത്തവർ



സ്ത്രീജനസഖ്യം മഹായിടവകതലത്തിൽ സംഘടിപ്പിച്ച കലാമത്സരത്തിൽ സമൂഹഗാനത്തിന് ഒന്നാം സ്ഥാനം കരസ്ഥമാക്കിയവർ. ഇരിക്കുന്നവർ: പുഷ്പാ മദൻ, വിമലാ ജെയിംസ്, ഹെലൻ ബേബി. നിൽക്കുന്നവർ: ശാന്താ ജഗദാസ്, വൽസ കുമാരദാസ്, ഡോ. തിലകാ സാംസൺ, പ്രസില്ലാ ലാൽ.


ANNUAL FANCY SALE
2014